

## ആത്മാവിന്റെ നിറവിൽ – 3

കേരള ലത്തീൻകത്തോലിക്കാസഭയുടെ വിശ്വാസപരിശീലന പാഠാവലി

# പരിശുദ്ധാത്മാവായ ദൈവം

Green Offset, Mukkam

**Latin Archbishop's House**
P. B. No. 2581, Kochi-682 031
Kerala, India
E-mail: mail@verapoly.in

# ആശംസ



"ആത്മാവിന്റെ നിറവിൽ" എന്ന ശീർഷകത്തോടെ കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള മത ബോധന ഗ്രന്ഥാവലി പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്.

വിശ്വാസപരിശീലനം എന്നത് സഭയുടെ പ്രധാന ദൗത്യങ്ങളിലൊന്നാണ്. വിശ്വസിക്കുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവും ബോധ്യവും ഓരോ വിശ്വാസിക്കും ലഭിക്കണം. കേരള ലത്തീൻ കത്തോലിക്കാസഭയുടെ തനതായ പാരമ്പര്യവും സംസ്കാരവും ആരാധനക്രമവും വിശ്വാസിസമൂഹം വ്യക്തമായി അറിയുകയും ജീവിക്കുകയും വേണം. ക്രിസ്തുരഹസ്യങ്ങളെയും സഭാജീവിതത്തെയും ആധുനികലോകത്തിന്റെ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് ധീരമായി പ്രഘോഷിക്കുവാൻ വിശ്വാസികളേവർക്കും കടമയുണ്ട്.

ക്രിസ്തുജയന്തി രണ്ടായിരാമാണ്ടിലാണ് കെ.ആർ.എൽ.സി.ബി.സി. മതബോധനകമ്മീഷൻ രൂപീകരിക്കപ്പെട്ടത്. കമ്മീഷന്റെ പ്രഥമവും പ്രധാനവുമായ ദൗത്യം കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള വിശ്വാസ പരിശീലന പാഠാവലി തയ്യാറാക്കുക എന്നതായിരുന്നു. ഈ ദൗത്യം സ്തുത്യർഹമാംവിധം നിർവഹിച്ച കമ്മീഷൻചെയർമാൻ അഭിവന്ദ്യ സൂസപാക്യം പിതാവിനും സെക്രട്ടറി റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളിക്കും മറ്റ് കമ്മീഷൻ അംഗങ്ങൾക്കും പ്രവർത്തകർക്കും ഞാൻ നന്ദി പറയുന്നു. നമ്മുടെ മക്കളുടെ വിശ്വാസപാതയിൽ വഴിവിളക്കായി ഈ പുസ്തകപഠനം പ്രശോഭിക്കട്ടെ എന്ന് ഹൃദയപൂർവം ആശംസിക്കുന്നു.

+ Daniel Acharuparambil

**+ ആർച്ച്ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ**
പ്രസിഡന്റ്, കെ.ആർ.എൽ.സി.ബി.സി., കൊച്ചി
മെയ് 1, 2007

# സമർപ്പണം



ദൈവവചനത്തിന്റെ കൈമാറ്റമാണ് മതബോധനം. വിശുദ്ധഗ്രന്ഥവും പാരമ്പര്യവും ഉൾക്കൊള്ളുന്ന 'വിശ്വാസനിക്ഷേപ'ത്തെ (Depositum Fidei) അപ്പോസ്തലന്മാർ സമസ്തസഭയെയുമാണ് ഭരമേല്പിച്ചിരിക്കുന്നത് (DV 10,1; cf 1 തിമോ. 6:20). ഈ 'വിശ്വാസ നിക്ഷേപം' മുറുകെപിടിച്ചുകൊണ്ട്, വിശുദ്ധജനം മുഴുവനും തങ്ങളുടെ ഇടയന്മാരോടുചേർന്ന് അപ്പോസ്തലിക പ്രബോധനത്തിലും കൂട്ടായ്മയിലും അപ്പംമുറിക്കൽ ശുശ്രൂഷയിലും പ്രാർത്ഥനകളിലും വിശ്വസ്തതയോടെ വർത്തിക്കുന്നു (DV 10,1; അപ്പോ. 2:42).

ദൈവവചനപ്രഘോഷണംവഴി ക്രിസ്തുവുമായുള്ള വ്യക്തിബന്ധം വളർത്തിയാണ് ഒരുവൻ ക്രിസ്തുവിൽ രൂപപ്പെടുന്നതും ക്രിസ്തു അവനിൽ രൂപപ്പെടുന്നതും. വിശ്വാസിയിൽ ക്രിസ്തു പൂർണമായി രൂപപ്പെടുന്നതുവരെ (ഗലാ. 4:19) മതബോധനം അവസാനിക്കുന്നില്ല. വിശ്വാസസത്യങ്ങൾ ക്രമവൽകൃതമായി പഠിപ്പിക്കുന്നതിലൂടെ ദൈവികരഹസ്യങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങാനും ക്രിസ്തുവിന്റെ പ്രതിപുരുഷനായി ജീവിച്ച് സമൂഹത്തിൽ ക്രിസ്തുവിനെ സന്നിഹിതനാക്കാനും ക്രിസ്തുവിശ്വാസിക്ക് മതബോധനംവഴി കഴിയുന്നു.

സഭയുടെ പ്രഥമശുശ്രൂഷയായ മതബോധനം സഭയുടെ മുഴുവൻ ജീവനുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. സഭയുടെ ഭൂമിശാസ്ത്രപരമായ വ്യാപ്തിയും സംഖ്യാപരമായ വർദ്ധനവും മാത്രമല്ല, അതിലുപരിയായ അവളുടെ ആന്തരികവളർച്ചയും ദൈവികപദ്ധതിയോടുള്ള സഹകരണവുമെല്ലാം അടിസ്ഥാനപരമായി മതബോധനത്തെ ആശ്രയിച്ചാണിരിക്കുന്നത് (CT 13).

പുണ്യസ്മരണാർഹനായ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ഓർമ്മിപ്പിച്ചിട്ടുള്ളതുപോലെ, മതബോധനഗ്രന്ഥം ക്രിസ്തീയരഹസ്യങ്ങളെക്കുറിച്ചുള്ള അറിവു വളർത്തുന്നതിനും ദൈവജനത്തിന്റെ വിശ്വാസം സജീവമാക്കുന്നതിനും ഹേതുവാകണം. കാലഘട്ടത്തിന്റെ വെല്ലുവിളിയും വളർച്ചയും ഉൾക്കൊണ്ടുകൊണ്ട് മതബോധനപ്രക്രിയയിലും മാറ്റങ്ങൾ അനിവാര്യമാണല്ലോ. "ആത്മാവിന്റെ നിറവിൽ" എന്ന പേരിൽ കേരള ലത്തീൻ കത്തോലിക്കാസഭ പുതിയ പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ ഈ ബോധ്യങ്ങളെല്ലാം ഉൾക്കൊള്ളുന്നുണ്ട്. കേരള ലത്തീൻ കത്തോലിക്കാസഭയുടെ മൗലികമായ ചരിത്രവും പാരമ്പര്യവും ആരാധനക്രമവുമെല്ലാം കാലികമായ പ്രാധാന്യത്തോടെ അവതരിപ്പിക്കുവാൻ ഈ പാഠപുസ്തകങ്ങളിലൂടെ പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഏറ്റവും ലളിതമായ ഭാഷയിൽ ആകർഷകമായ രീതിയിൽ ക്രിസ്തുവിന്റെ സുവിശേഷവും സഭയുടെ പ്രബോധനങ്ങളും പകർന്നുകൊടുക്കാൻ ഇവിടെ ശ്രമിച്ചിട്ടുണ്ട്.

അത്യന്തം ഉത്തരവാദിത്വവും ശ്രദ്ധയും ആവശ്യപ്പെടുന്ന ഈ ഉദ്യമം കേരള ലത്തീൻ കത്തോലിക്കാ മെത്രാൻസമിതിയുടെ കീഴിൽ മതബോധന കമ്മീഷൻ ഏറ്റെടുത്തത് വലിയൊരു വെല്ലുവിളിയായിത്തന്നെയാണ്. സർവത്തിന്റെയും ഉറവിടമായ ദൈവത്തിൽ ആശ്രയിച്ച് ആരംഭംകുറിച്ച ഈ സംരംഭം പൂർത്തീകരിക്കാൻ കഴിഞ്ഞതിൽ കൃതാർത്ഥതയുണ്ട്. ഇതിന്റെ പൂർത്തീകരണത്തിനായി അക്ഷീണം പ്രവർത്തിച്ച ഏവരെയും നന്ദിയോടെ സ്മരിക്കട്ടെ.

നമ്മുടെ കുട്ടികളുടെയും യുവജനങ്ങളുടെയും മുതിർന്നവരുടെയും വിശ്വാസവളർച്ചയ്ക്ക് ഈ പാഠപുസ്തകങ്ങൾ ഉപകരിക്കുമെന്ന പ്രത്യാശയോടെ സർവജനസമക്ഷം ഇവ സമർപ്പിക്കുന്നു.

*+ ആർച്ച്ബിഷപ്പ് സൂസപാക്യം*

ചെയർമാൻ, ബൈബിൾ-മതബോധന കമ്മീഷൻ

കെ.ആർ.എൽ.സി.ബി.സി., തിരുവനന്തപുരം

മെയ് 1, 2007

## കൃതജ്ഞത

"പിതാവിൻ പക്കലേക്ക്," "ക്രിസ്തുവിന്റെ പിന്നാലെ" എന്നീ ശീർഷകങ്ങളിൽ എറണാകുളം പി.ഒ.സി. പ്രസിദ്ധീകരിച്ച വിശ്വാസപരിശീലനപാഠാവലിയുടെ തുടർച്ചയെന്നോണമാണ് "ആത്മാവിന്റെ നിറവിൽ" എന്ന പേരിൽ കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള മതപഠനപുസ്തകങ്ങൾ കെ.ആർ.എൽ.സി.ബി.സി. മതബോധനകമ്മീഷൻ പ്രസിദ്ധീകരിക്കുന്നത്.

കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കു വേണ്ടി തനതായ വിശ്വാസപരിശീലനപാഠാവലി തയ്യാറാക്കുന്നതിന്റെ ഒരുക്കമായി Come, See and Abide എന്ന പേരിൽ ഒരു മതബോധന ഡയറക്ടറി പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത ഡയറക്ടറിയുടെ അടിസ്ഥാനത്തിലാണ് ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകൾക്കുള്ള വിശ്വാസപരിശീലനപാഠാവലി തയ്യാറാക്കിയത്. മൂന്നു ഘട്ടങ്ങളിലായാണ് പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ഒന്നുമുതൽ മൂന്നുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ ഒന്നാം ഘട്ടത്തിലും നാലു മുതൽ ഏഴുവരെയും എട്ടു മുതൽ പന്ത്രണ്ടുവരെയുമുള്ള ക്ലാസ്സുകളിലെ പുസ്തകങ്ങൾ മൂന്നും നാലും ഘട്ടങ്ങളിലുമായും പ്രസിദ്ധീകരിക്കുന്നു.

ധാരാളംപേരുടെ ആത്മാർത്ഥമായ സഹകരണത്തിന്റെയും പ്രോത്സാഹനത്തിന്റെയും ഫലമാണ് ഈ പാഠപുസ്തകങ്ങൾ. കമ്മീഷന്റെ വിലപ്പെട്ട ഈ ഉദ്യമത്തിന് ആവശ്യമായ എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുകയും തയ്യാറാക്കിയ പുസ്തകങ്ങൾ അംഗീകരിച്ച് പ്രസിദ്ധീകരണാനുമതി നൽകുകയും ചെയ്ത കേരള ലത്തീൻ കത്തോലിക്കാസഭയിലെ എല്ലാ അഭിവന്ദ്യ മെത്രാന്മാർക്കും സ്നേഹപൂർവം നന്ദി പറയുന്നു. കെ.ആർ.എൽ.സി.ബി.സി.ക്കുവേണ്ടി പുസ്തകങ്ങൾ വേണ്ടവിധം പരിശോധിച്ച് ആവശ്യമായതിരുത്തലുകൾ നല്കിയ ബിഷപ്പ് സ്റ്റാൻലി റോമൻ, ബിഷപ്പ് ജോസഫ് കരിയിൽ, ബിഷപ്പ് വർഗീസ് ചക്കാലക്കൽ, ബിഷപ്പ് ജോസഫ് കളത്തിപറമ്പിൽ എന്നീ അഭിവന്ദ്യപിതാക്കന്മാർക്ക് പ്രത്യേകം നന്ദി. മതബോധന കമ്മീഷന്റെ എല്ലാ പ്രവർത്തനങ്ങളോടും ആത്മാർത്ഥമായി സഹകരിക്കുകയും അക്ഷീണം പ്രയത്നിക്കുകയും ചെയ്യുന്ന എല്ലാ മതബോധന ഡയറക്ടർമാരെയും റിസോഴ്സ് ടീം അംഗങ്ങളെയും റവ. സി. പോളറ്റ് CTC യെയും നന്ദിയോടെ സ്മരിക്കുന്നു.

ഒന്നു മുതൽ മൂന്നുവരെയുള്ള പാഠപുസ്തകങ്ങളുടെ രചനയ്ക്ക് തനതായ സംഭാവനകൾ നൽകിയ ശ്രീ. സിപ്പി പള്ളിപ്പുറത്തോടുള്ള നന്ദി നിസ്സീമമാണ്. തയ്യാറാക്കിയ പുസ്തകങ്ങളുടെ ഭാഷാശുദ്ധി പരിശോധിച്ച ഡോ. പ്രീമൂസ് പെരിഞ്ചേരിക്കും കമ്പ്യൂട്ടർ ലേ ഔട്ടും ഗ്രാഫിക്സും നിർവഹിച്ച ശ്രീ. ലാജൻ ഒറാക്കിളിനും പ്രിന്റിങ് നിർവ്വഹിച്ച തിരുവനന്തപുരം സെന്റ് ജോസഫ്സ് പ്രസ്സ് അംഗങ്ങൾക്കും ഹൃദയപൂർവം നന്ദി പറയുന്നു.

*ഡോ. സ്റ്റാൻലി മാതിരപ്പിള്ളി*

സെക്രട്ടറി, ബൈബിൾ-മതബോധന കമ്മീഷൻ

കെ.ആർ.എൽ.സി.ബി.സി., ആശീർഭവൻ, കൊച്ചി

മെയ് 1, 2007

# ഉള്ളടക്കം

1. ജീവദാതാവായ പരിശുദ്ധാത്മാവ് ............................. 7
2. സഭയുടെ ആരംഭം ................................................. 13
3. ആദിമക്രൈസ്തവ സമൂഹം ..................................... 18
4. സഭ-സ്നേഹസമൂഹം .............................................. 23
5. സഭാശുശ്രൂഷകർ .................................................... 28
6. സഭയുടെ സവിശേഷതകൾ ...................................... 34
7. മറിയം-സഭയുടെ മാതാവ് ....................................... 39
8. കൂദാശകൾ - പ്രസാദവരത്തിന്റെ നീർച്ചാലുകൾ... 47
9. ജ്ഞാനസ്നാനം ........................................................ 53
10. സ്ഥൈര്യലേപനം ..................................................... 59
11. അനുരഞ്ജന കൂദാശ ............................................... 64
12. വിശുദ്ധകുർബാന ജീവന്റെ അപ്പം ......................... 72
**കുട്ടികളുടെയും യുവാക്കളുടെയും വിശുദ്ധൻ**........ 79

1

# ജീവദാതാവായ പരിശുദ്ധാത്മാവ്



നമുക്കു ജീവൻ പകരുന്നത് പരിശുദ്ധാത്മാവാണ്. നമുക്കു മാത്രമല്ല; ഈ പ്രപഞ്ചത്തിലെ സകല ജീവജാലങ്ങൾക്കും ജീവൻ ദാനംചെയ്യുന്നതു പരിശുദ്ധാത്മാവ് തന്നെ.

**നാം വിശ്വസിക്കുന്ന ഏകദൈവത്തിൽ മൂന്നാളുകളുണ്ട് - പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്.**

എന്നു പറഞ്ഞാൽ

- **പിതാവ് ദൈവമാകുന്നു**
- **പുത്രൻ ദൈവമാകുന്നു**
- **പരിശുദ്ധാത്മാവു ദൈവമാകുന്നു**




**പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവ്, പിതാവിൽ നിന്നും പുത്രനിൽ നിന്നും സ്നേഹമായി പുറപ്പെടുന്ന അരൂപിയാണ്.**

## പരിശുദ്ധാത്മാവിന്റെ ഏഴു ദാനങ്ങൾ

- ജ്ഞാനം
- ബുദ്ധി
- ആലോചന
- അറിവ്
- ആത്മശക്തി
- ഭക്തി
- ദൈവഭയം

സുവിശേഷം അറിയിക്കാൻ ഈശോ തിരഞ്ഞെടുത്ത അപ്പോസ്തലന്മാരെല്ലാം സാധാരണക്കാരായിരുന്നല്ലോ. അറിവുകുറഞ്ഞ അവർക്ക് മറ്റുള്ളവരുടെ മുന്നിൽനിന്ന് വേണ്ടവിധം സംസാരിക്കാൻ പോലും കഴിവുണ്ടായിരുന്നില്ല.

എന്നാൽ പെന്തക്കോസ്താദിനത്തിൽ പരിശുദ്ധാത്മാവ് വന്നു നിറഞ്ഞതോടെ അവർക്ക് ദൈവികജ്ഞാനമുണ്ടായി. നന്മതിന്മകൾ വേർതിരിച്ചറിയാനുള്ള വിവേകമുണ്ടായി. നഷ്ടധൈര്യരായിരുന്ന അപ്പോസ്തലന്മാർക്ക് ധൈര്യം പ്രദാനംചെയ്ത് തീക്ഷ്ണമതികളായ പ്രേഷിതന്മാരാക്കി മാറ്റി. അവർ ലോകമെങ്ങും സഞ്ചരിച്ച് ധൈര്യപൂർവം പ്രസംഗിക്കാൻ തുടങ്ങി.

## പരിശുദ്ധാത്മാവ് -

വിശുദ്ധിയിൽ വളരാൻ നമ്മെ സഹായിക്കുന്നു.

സുവിശേഷവഴികളിലൂടെ മുന്നോട്ടു നീങ്ങാൻ നമ്മെ സഹായിക്കുന്നു.

ദൈവത്തിന് ഇഷ്ടമുള്ള പ്രവൃത്തികൾ ചെയ്യാൻ നമ്മെ സഹായിക്കുന്നു.

ദൈവസ്നേഹത്തിൽ ജീവിക്കാൻ നമുക്ക് പ്രേരണനല്കുന്നു.

സവിശേഷമായ ശക്തിയും ചൈതന്യവും നല്കുന്നു.

ഭക്തിയും ദൈവഭയവും പ്രദാനംചെയ്യുന്നു.

ഈശോ പിശാചുക്കളെ അകറ്റിയത് പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ്.

തന്നോടു പ്രാർത്ഥിക്കുന്നവർക്ക് ദൈവം സമൃദ്ധമായി പരിശുദ്ധാത്മാവിനെ നൽകും.

പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ ഉപയോഗപ്പെടുത്തി നമുക്കു ദൈവമക്കളായി വളരാം.

വിശ്വാസത്തിനു സാക്ഷ്യം വഹിക്കാൻ നമുക്കു ശക്തിപകരുന്നത് പരിശുദ്ധാത്മാവാണ്.

## നമുക്കു ദൈവവചനം ഓർമ്മിക്കാം



ഈശോ ശിഷ്യന്മാരോടു പറഞ്ഞു:
"പരിശുദ്ധാത്മാവ് നിങ്ങളുടെ
മേൽ വന്നുകഴിയുമ്പോൾ
നിങ്ങൾ ശക്തി പ്രാപിക്കും"(അപ്പോ. 1:8).



## നമുക്കു പ്രാർത്ഥിക്കാം

പരിശുദ്ധാത്മാവായ ദൈവമേ,
അങ്ങയുടെ ദാനങ്ങൾ നല്കി
ഞങ്ങളെ അനുഗ്രഹിക്കണമേ.

## സത്പ്രവൃത്തികൾ ശീലിക്കുക

പഠിക്കാനുള്ള ബുദ്ധിശക്തിക്കായി
പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുക.

## നമുക്കുപാടാം



പറന്നു പറന്നു വന്നാലും നീ
പരിശുദ്ധാത്മാവേ,

ശാന്തിപ്രാവായി എന്നെത്തഴുകൂ
പരിശുദ്ധാത്മാവേ!

അറിവായെന്നിൽ നിറഞ്ഞാലും നീ
പരിശുദ്ധാത്മാവേ,

എന്നാത്മാവിനു ധൈര്യം പകരൂ
പരിശുദ്ധാത്മാവേ.



## നമുക്കു പ്രതിജ്ഞചെയ്യാം

എന്റെ എല്ലാ പ്രവർത്തനങ്ങൾക്കുംമുമ്പ് ഞാൻ പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കും.

## ചിത്രകേളി




ഇതാ, ഇവിടെ വിടർന്നുനിൽക്കുന്ന വരദാനപുഷ്പം നിങ്ങൾ കാണുന്നില്ലേ? ഇതിന്റെ ഒരോ ഇതളും പരിശുദ്ധാത്മാവിന്റെ ഒരോരോ വരദാനങ്ങളാണ്. അവ ഏതൊക്കെയാണെന്ന് എഴുതുക.

## ചേരുംപടി ചേർക്കാം

| | | |
|---|---|---|
| ജീവദാതാവ് | | സുവിശേഷം പ്രസംഗിച്ചു |
| പരിശുദ്ധത്രിത്വം | | പരിശുദ്ധാത്മാവ് |
| അപ്പോസ്തലന്മാർ | | മൂന്നാളുകൾ |

## ഈ കടംകവിതയുടെ ഉത്തരം കണ്ടെത്തുക

അറിവു തരുന്നൊരു വെൺപ്രാവ്
അലിവേറുന്നൊരു വെൺപ്രാവ്
അരൂപിയായൊരു വെൺപ്രാവ്
ആരെന്നോതുകി വെൺപ്രാവ്?

_ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _



## ഉത്തരം കണ്ടെത്താം

1. നമുക്ക് ജീവൻ പകരുന്നതാര്?
2. ദൈവത്തിലെ മൂന്നാളുകൾ ആരെല്ലാം?
3. പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ ഏതെല്ലാം?
4. അപ്പോസ്തലന്മാർക്ക് ദൈവികജ്ഞാനം ഉണ്ടായതെപ്പോൾ?
5. എങ്ങനെയെല്ലാമാണ് പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നത്?

2

# സഭയുടെ ആരംഭം

**ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണ് സഭ.**

ആദ്യമായി ഒരു സഭാസമൂഹം രൂപപ്പെട്ടത് എങ്ങനെയെന്ന് അറിയണ്ടേ?

ഈശോയുടെ സ്വർഗാരോഹണത്തിനുശേഷം ശിഷ്യന്മാരെല്ലാം പരിശുദ്ധ അമ്മയോടൊപ്പം സെഹിയോൻഊട്ടുശാലയിൽ പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയായിരുന്നു.



പെന്തക്കോസ്താനാളിൽ അവർ പ്രാർത്ഥനയിൽ മുഴുകിയിരിക്കുമ്പോൾ ആകാശത്തു നിന്ന് കൊടുങ്കാറ്റടിക്കുന്നതുപോലെ ഒരു ശബ്ദമുണ്ടായി. ആ ശബ്ദം വീടു മുഴുവൻ നിറഞ്ഞു. തീനാവുകൾ പോലെ പരിശുദ്ധാത്മാവ് ഒരോരുത്തരുടെയുംമേൽ വന്നുനിന്നു. അങ്ങനെ അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവ് കൊടുത്ത ഭാഷണവരമുപയോഗിച്ച് അവർ വിവിധഭാഷകളിൽ സംസാരിക്കാൻ തുടങ്ങി.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞപ്പോൾ പത്രോസ് മറ്റു ശിഷ്യന്മാരോടൊപ്പം എഴുന്നേറ്റുനിന്ന് ഈശോയെക്കുറിച്ച് പരസ്യമായി പ്രസംഗിക്കാൻ തുടങ്ങി. അവരുടെ പ്രസംഗം പലരാജ്യങ്ങളിലും നിന്നു വന്നവർ അവരവരുടെ ഭാഷകളിൽ മനസ്സിലാക്കി.

അവർ അദ്ഭുതത്തോടെ തമ്മിൽത്തമ്മിൽ ചോദിച്ചു: "ഇതെന്തൊരത്ഭുതം! ഗലീലയരായ ഇവരുടെ പ്രസംഗം നാമെല്ലാവരും നമ്മുടെ സ്വന്തം ഭാഷകളിലാണല്ലോ കേൾക്കുന്നത്! ഇതിന്റെയെല്ലാം അർത്ഥമെന്ത്?" അതോടെ അവിടെ കൂടിയിരുന്ന ജനക്കൂട്ടം ഈശോയിൽ വിശ്വസിക്കുകയും ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു. മൂവായിരത്തോളം പേർ ആ ദിവസംതന്നെ ജ്ഞാനസ്നാനം സ്വീകരിച്ചു. അങ്ങനെ ആദ്യമായി ഒരു സഭാസമൂഹം രൂപപ്പെട്ടു.



**പെന്തക്കോസ്താദിനത്തിലാണ്**
**ആദിമസഭ ലോകത്തിൽ**
**ഉദ്ഘാടനം ചെയ്യപ്പെട്ടത്.**

**ഈശോയിൽ വിശ്വസിക്കുന്നവരുടെ**
**സമൂഹമാണ് സഭ.**



## നമുക്കു ദൈവവചനം ഓർമ്മിക്കാം



"ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ, അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല" (യോഹ. 15:5).

## നമുക്കു പ്രാർത്ഥിക്കാം



പരിശുദ്ധാത്മാവായ ദൈവമേ, അപ്പോസ്തലന്മാരെ ശക്തിപ്പെടുത്തിയതുപോലെ ഞങ്ങളെയും ശക്തിപ്പെടുത്തണമേ.



## നമുക്കു പ്രതിജ്ഞചെയ്യാം

ഞാൻ എന്റെ സഭയെ സ്നേഹിക്കും.

## സത്പ്രവൃത്തികൾ ശീലിക്കുക

സ്നേഹത്തിന്റെ അരൂപിയോടെ സഹപാഠികളോടും അയൽക്കാരോടും പെരുമാറാൻ ശീലിക്കാം.

## നമുക്കുപാടാം

വിശ്വാസത്തിൻ തിരിനാളങ്ങൾ
ഒളി മങ്ങാതെ വിളങ്ങട്ടെ



അനുപമസ്നേഹം നമ്മുടെ ഹൃത്തിൽ
വീണ്ടും വീണ്ടും തെളിയട്ടെ

നമ്മുടെ വീടും നമ്മുടെ നാടും
ദൈവാരൂപിയിൽ നിറയട്ടെ

വിശ്വാസത്തിൻ തിരിനാളങ്ങൾ
ഒളി മങ്ങാതെ വിളങ്ങട്ടെ

## ചിത്രകേളി

**ഇടയ്ക്കുള്ള നമ്പറുകൾ രേഖകൾ കൊണ്ട് യോജിപ്പിക്കുക**



## യോജിക്കുന്ന ഇലകൾ ചേരുംപടി ചേർക്കുക

| | |
|---|---|
| യേശുവിൽ വിശ്വസിക്കുന്നവർ | സഭയുടെ ഉദ്ഘാടനം |
| പരിശുദ്ധാത്മാവ് | സഭാസമൂഹം |
| പെന്തക്കോസ്താ | ഭാഷണവരം |

## സ്വന്തമായി പാട്ടെഴുതാം

പരിശുദ്ധാത്മാവിനെക്കുറിച്ച് നാലുവരികളുള്ള ഒരു പാട്ട് തയ്യാറാക്കണം. അതിന്റെ നാലാമത്തെവരി താഴെ ചേർത്തിട്ടുണ്ട്. അതിന്റെ താളത്തിൽ പരിശുദ്ധാത്മാവിനോടു പ്രാർത്ഥിച്ച് നിങ്ങൾ എഴുതി നോക്കൂ. ഏറ്റവും നല്ല പാട്ടിന് സമ്മാനവും നേടാം.

.................................................................................................

.................................................................................................

.................................................................................................

എന്റെ മനസ്സിൽ വന്നണയൂ.

## ഉത്തരം കണ്ടെത്താം

1. സെഹിയോൻഊട്ടുശാലയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നവർ ആരെല്ലാം?
2. പരിശുദ്ധാത്മാവ് ഏതു രൂപത്തിലാണ് അവരുടെമേൽ വന്നു നിന്നത്?
3. പത്രോസ് എപ്പോഴാണ് ഈശോയെക്കുറിച്ചു പ്രസംഗിക്കാൻ തുടങ്ങിയത്?
4. പത്രോസിന്റെ പ്രസംഗം വിവിധരാജ്യങ്ങളിൽ നിന്നു വന്നവർ ഏതു പ്രകാരത്തിലാണു കേട്ടത്?
5. ഈശോയിൽ വിശ്വസിച്ചവർ എന്തുചെയ്തു?
6. സഭ എന്നാലെന്ത്?
7. പെന്തക്കോസ്താദിനത്തിൽ എത്ര പേരാണ് ജ്ഞാനസ്നാനം സ്വീകരിച്ചത്?

# 3 ആദിമക്രൈസ്തവ സമൂഹം



ഈശോയിൽ വിശ്വസിക്കുന്നവരുടെ എണ്ണം നാൾക്കു നാൾ കൂടിക്കൂടി വന്നു. അവരെല്ലാം ഓരോ പ്രദേശത്തും ഒരുമിച്ചുകൂടി. അപ്പോസ്തലന്മാരും മറ്റു നേതാക്കളും ദൈവരാജ്യത്തെക്കുറിച്ച് അവരോട് പ്രസംഗിച്ചു. പ്രസംഗം കേട്ട ആയിരക്കണക്കായ ജനങ്ങൾ സുവിശേഷത്തിന്റെ മഹത്ത്വം നല്ലവണ്ണം മനസ്സിലാക്കി. അങ്ങനെ അവർ വലിയൊരു സമൂഹമായി. അവരാണ് ആദിമ ക്രൈസ്തവസമൂഹം എന്ന പേരിൽ അറിയപ്പെട്ടത്.

**ദൈവത്തെ സ്നേഹിക്കുന്നവർ**
**ഈശോയിൽ ഒരുമിച്ചു ചേർന്നപ്പോൾ**
**പരിശുദ്ധാത്മാവ് അവരുടെമേൽ അനുഗ്രഹംചൊരിഞ്ഞു.**
**അതോടെ അവരുടെ സ്നേഹവും**
**കൂട്ടായ്മയും മറ്റുള്ളവർക്ക്**
**മാതൃകാപരമായിത്തീർന്നു.**

ആദിമക്രൈസ്തവസമൂഹം ഏകമനസ്സോടെ ദൈവത്തെ സ്തുതിച്ചും പ്രാർത്ഥിച്ചും ഒരുമയോടെ കഴിഞ്ഞു. ലോകത്തിന്റെ നാനാഭാഗങ്ങളിലും ഇതുപോലുള്ള സമൂഹങ്ങൾ രൂപപ്പെട്ടു. അവർ പരസ്പരം സ്നേഹിക്കുകയും സുവിശേഷം പ്രഘോഷിക്കുകയും ദൈവജനമായി മാറുകയും ചെയ്തു.

തങ്ങൾക്കുള്ളതെല്ലാം
സമൂഹത്തിലെ ഓരോരുത്തർക്കും
വേണ്ടിയുള്ളതാണെന്ന് ക്രൈസ്തവ
സമൂഹം വിശ്വസിച്ചു. എല്ലാം പൊതു
സ്വത്തായി അവർ കണക്കാക്കി വന്നു.
പരസ്പരസ്നേഹവും പങ്കുവയ്ക്കലും
അവരുടെ ജീവിതശൈലിയായി മാറി.
ഒരുമിച്ചുകൂടി പ്രാർത്ഥിക്കുന്നതിലും ഒരുമിച്ചുകൂടി
അപ്പം മുറിക്കുന്നതിലുമെല്ലാം അവർ സന്തോഷം കണ്ടെത്തി.
ബലികളിലും പീഡനങ്ങളിലും അവർ ഒരുമിച്ചു നിന്നു.
എല്ലാ രീതിയിലും അതൊരു മാതൃകാസമൂഹമായിരുന്നു.

**യേശുവിന്റെ അന്ത്യഅത്താഴത്തിന്റെ ഓർമ്മയ്ക്കായാണ് അവർ അപ്പംമുറിക്കൽശുശ്രൂഷ നടത്തിത്തുടങ്ങിയത്. വിശുദ്ധ കുർബാനയുടെ ആദ്യകാലരൂപം ഇതായിരുന്നു.**

**നമുക്കുള്ളതെല്ലാം പങ്കുവയ്ക്കാൻ നാം എല്ലായ്പ്പോഴും സന്നദ്ധരാകണം.**

**ദൈവത്തെ മറന്നു ജീവിക്കാൻ ആരും ഒരുങ്ങരുത്.**

## നമുക്കു ദൈവവചനം ഓർമ്മിക്കാം

"വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു"(അപ്പോ. 2:44-45).



## നമുക്കു പ്രാർത്ഥിക്കാം



ദൈവമേ, എന്റെ സമയവും കഴിവുകളും മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ എന്നെ പഠിപ്പിക്കണമേ.

## നമുക്ക് പ്രതിജ്ഞ ചെയ്യാം

കുടുംബയൂണിറ്റിൽ കുട്ടികളുടെ പരിപാടിയിൽ ഞാൻ പങ്കെടുക്കും.





## നമുക്കുപാടാം

ഉള്ളതിൽ നിന്നൊരു പങ്കു നമ്മൾ
ഇല്ലാത്തോർക്കായ് നല്കുമ്പോൾ
നിശ്ചയമായും സന്തോഷത്താൽ
നമ്മുടെ ഉള്ളം തുടികൊട്ടും.

## നിറം കൊടുക്കാം



## സത്പ്രവൃത്തികൾ ശീലിക്കുക

പഠനത്തിൽ മോശമായ സഹപാഠിയെ സഹായിക്കുക.

## ഉത്തരം കണ്ടെത്താം

1. യേശുവിനെക്കുറിച്ച് വിശ്വാസികളോടു പ്രസംഗിച്ചതാര്?
2. ദൈവജനത്തിനുമേൽ അനുഗ്രഹപ്പൂമാരി ചൊരിഞ്ഞതാര്?
3. ആദിമക്രൈസ്തവരുടെ അപ്പംമുറിക്കൽശുശ്രൂഷ എന്തിന്റെ ഓർമ്മയായിരുന്നു?
4. വിശുദ്ധകുർബാനയുടെ പ്രഥമരൂപം എന്തായിരുന്നു?
5. ആദിമക്രൈസ്തവസമൂഹത്തെ ഒന്നിപ്പിച്ച ഘടകങ്ങൾ ഏവ?
6. ഉച്ചയ്ക്ക് ഒരു സഹപാഠി വിശന്നിരിക്കുന്നു. നിങ്ങളുടെ കൈയിൽ ഒരു പൊതിച്ചോറുണ്ട്. നിങ്ങൾ എന്തു ചെയ്യും?

## കാരുണ്യപ്രവൃത്തികൾ പതിനാല്

### ശാരീരികങ്ങൾ ഏഴ്

1. വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുന്നത്.
2. ദാഹിക്കുന്നവർക്ക് കുടിക്കാൻ കൊടുക്കുന്നത്.
3. വസ്ത്രമില്ലാത്തവർക്ക് വസ്ത്രം കൊടുക്കുന്നത്.
4. പാർപ്പിടമില്ലാത്തവർക്ക് പാർപ്പിടം കൊടുക്കുന്നത്.
5. രോഗികളെയും തടവുകാരെയും സന്ദർശിക്കുന്നത്.
6. അവശരെ സഹായിക്കുന്നത്.
7. മരിച്ചവരെ അടക്കുന്നത്.

### ആദ്ധ്യാത്മികങ്ങൾ ഏഴ്

1. അറിവില്ലാത്തവരെ പഠിപ്പിക്കുന്നത്.
2. സംശയമുള്ളവരുടെ സംശയം തീർക്കുന്നത്.
3. ദുഃഖിതരെ ആശ്വസിപ്പിക്കുന്നത്.
4. തെറ്റുചെയ്യുന്നവരെ തിരുത്തുന്നത്.
5. ഉപദ്രവങ്ങൾ ക്ഷമിക്കുന്നത്.
6. അന്യരുടെ കുറവുകൾ ക്ഷമയോടെ സഹിക്കുന്നത്.
7. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുന്നത്.

# 4

# സഭ – സ്നേഹസമൂഹം

**നമ്മുടെ ജീവിതം സ്വർഗരാജ്യം ലക്ഷ്യമാക്കിയുള്ള ഒരു യാത്രയാണ്. ഈശോയാണ് നമ്മുടെ നായകൻ.**

ഈ യാത്രയ്ക്കിടയിൽ ഏവർക്കും നന്മചെയ്യാൻ നമുക്കു കഴിയണം.

**ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണ് സഭ.**

**ക്രിസ്തു സ്നേഹിച്ചതുപോലെ നമ്മളും പരസ്പരം സ്നേഹിക്കണം.**



ക്രിസ്തുവിൽ വിശ്വസിക്കുന്നവർ
ക്രിസ്തുവിനെ അനുസരിച്ച് വളരണം.

സഭയുടെ രക്ഷകൻ ക്രിസ്തുവാണ്. എല്ലാവരും ഒരുമിച്ച് ക്രിസ്തുവിനോട് പ്രാർത്ഥിക്കണം. സുവിശേഷ വചനങ്ങൾ നന്നായി കേൾക്കണം. സ്നേഹത്തിന്റെ കൂട്ടായ്മയിൽ ഒരേ മനസ്സോടെ ജീവിക്കുകയും വേണം.

സ്നേഹത്തിലും കാരുണ്യത്തിലും വളരാനാണ് ഈശോ നമ്മോടു പറഞ്ഞത്.

വിശക്കുന്നവന് ഭക്ഷിക്കാൻ കൊടുക്കണം. ദാഹിക്കുന്നവന് കുടിക്കാൻ കൊടുക്കണം. ഉടുക്കാനില്ലാത്തവന് ഉടുക്കാൻ കൊടുക്കണം. കിടക്കാനില്ലാത്തവന് അതിനുള്ള ഇടം നല്കണം. ഇതെല്ലാം സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും അടയാളങ്ങളാണ്.

സഭ സ്നേഹസമൂഹമാണ്. മറ്റുള്ളവരോട് സ്നേഹവും കാരുണ്യവും കാണിക്കുമ്പോഴാണ് നാം ക്രിസ്തുവിശ്വാസികളാകുന്നത്.

ജ്ഞാനസ്നാനത്തിലൂടെയാണ്
നാം സഭയിലെ അംഗങ്ങളായിത്തീരുന്നത്.

തിരുസഭ വലിയൊരു കുടുംബമാണ്. ക്രിസ്തുവാണ് ഈ കുടുംബത്തിന്റെ കാണപ്പെടാത്ത തലവൻ. കാണപ്പെടുന്ന തലവൻ മാർപാപ്പായാണ്.



## നമുക്കു ദൈവവചനം ഓർമ്മിക്കാം

"നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം"
(യോഹ. 13:14).

## നമുക്കു പ്രാർത്ഥിക്കാം

സ്നേഹസ്വരൂപനായ ഈശോയെ, അവിടത്തെ പാതകൾ പിന്തുടർന്ന് നല്ലൊരു സ്നേഹസമൂഹമായി ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.





## നമുക്കു പ്രതിജ്ഞചെയ്യാം

തിരുസഭയുടെ കാണപ്പെട്ടതലവനായ മാർപാപ്പായ്ക്കു വേണ്ടി ഞാൻ പ്രാർത്ഥിക്കും.

## സത്പ്രവൃത്തികൾ ശീലിക്കുക

സ്വന്തം വീട്ടിലുള്ളവരോടും അയൽക്കാരോടും ഒത്തുചേർന്ന് സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കാൻ ശീലിക്കുക.

# നിറം കൊടുക്കാം



## നമുക്കുപാടാം



വരികവരിക തോഴരേ
കൈകൾ കോർത്തു നീങ്ങിടാം
യേശുവിന്റെ സഹജരായി
മുന്നിലേക്കു നീങ്ങിടാം........

നന്മതൻ വിളക്കുമായ്
നല്ല ഗാനശീലുമായ്
തിരുസഭയ്ക്കു ശക്തിയേകി
മുന്നിലേക്കു നീങ്ങിടാം..........

## ശരിയും തെറ്റും അടയാളപ്പെടുത്തുക

(ശരിയാണെങ്കിൽ കോളത്തിൽ ശരി(✓)യും തെറ്റാണെങ്കിൽ തെറ്റും (x) അടയാളപ്പെടുത്തുക)

1. ഈശോയാണ് സഭയുടെ കാണപ്പെടുന്ന തലവൻ ☐
2. സ്നേഹമാണ് സഭയുടെ മുഖമുദ്ര ☐
3. ജ്ഞാനസ്നാനത്തിലൂടെയാണ് നാം സഭയിൽ അംഗങ്ങളായിത്തീരുന്നത് ☐
4. പത്രോസാണ് സഭയുടെ കാണപ്പെടാത്ത നായകൻ ☐
5. ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണ് സഭ ☐

## ഉത്തരം കണ്ടെത്താം

1. ആരാണ് നമ്മുടെ നായകൻ?
2. സഭയുടെ മുഖമുദ്ര എന്ത്?
3. നാം സഭയിൽ അംഗമായിത്തീരുന്നതെങ്ങനെ?
4. സഭയുടെ യാത്രയുടെ ലക്ഷ്യമെന്ത്?
5. സഭാമക്കളുടെ ചുമതലയെന്ത്?

# 5 സഭാശുശ്രൂഷകർ



ഈശോയ്ക്ക് പന്ത്രണ്ടു ശിഷ്യന്മാരാണല്ലോ ഉണ്ടായിരുന്നത്. അവരെ അപ്പോസ്തലന്മാർ എന്നാണ് വിളിച്ചുവന്നിരുന്നത്. **അപ്പോസ്തലൻ എന്ന വാക്കിന്റെ അർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണ്. ഈ അപ്പോസ്തലന്മാരുടെ പിൻഗാമികളാണ് മെത്രാൻമാർ.**

യേശുവിന്റെ ശിഷ്യന്മാരിൽ പ്രധാനിയായിരുന്നല്ലോ ശിമയോൻ. അദ്ദേഹത്തെ പത്രോസ് എന്നാണ് യേശു വിളിച്ചിരുന്നത്. പത്രോസ് എന്ന പദത്തിന് പാറ എന്നാണ് അർത്ഥം.




**പത്രോസിനെ സഭയുടെ അടിസ്ഥാനശിലയായി ഈശോ നിയോഗിച്ചു.**

**പത്രോസാകുന്ന പാറമേൽ പണിതീർത്തതാണ് നമ്മുടെ സഭ.**

സഭാശുശ്രൂഷകരിൽ ഒന്നാമനായി ഈശോ പത്രോസിനെ നിയോഗിച്ചു. പത്രോസിന്റെ പിൻഗാമിയാണ് മാർപാപ്പാ.

**മെത്രാന്മാരെ സഹായിക്കാൻ ചുമതലപ്പെട്ടവരാണ് വൈദികർ.** തിരുപ്പട്ടം എന്ന കൂദാശവഴി അഭിഷിക്തരായവരാണവർ. വിശ്വാസികളുമായി നേരിട്ട് ഇടപെടുന്നതും അജപാലനകർമ്മങ്ങൾ നിർവഹിക്കുന്നതും വൈദികരാണ്.

**ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ വ്രതങ്ങളിലൂടെ സഭയ്ക്കുവേണ്ടി അർപ്പണം ചെയ്യുന്നവരാണ് സന്ന്യസ്തർ.**

**വൈദികരും സന്ന്യസ്തരുമല്ലാത്ത ക്രിസ്തീയ വിശ്വാസികളാണ് അല്മായർ.**

## ഇനി ഒരു കഥ പറയാം

പെന്തക്കോസ്താ കഴിഞ്ഞതോടെ സഭ വളരാൻ തുടങ്ങി. അപ്പോസ്തലന്മാർക്കുമാത്രം എല്ലാപ്രവർത്തനങ്ങളും ചെയ്തുതീർക്കാൻ കഴിയാതെയായി. അപ്പോൾ അവർ സ്നേഹാരൂപി നിറഞ്ഞ ഏഴു ശുശ്രൂഷകരെ തിരഞ്ഞെടുത്തു. അവരിൽ ഒരാളായിരുന്നു സ്റ്റീഫൻ.

യഹൂദരുടെ കപടദൈവങ്ങൾക്കെതിരേ സ്റ്റീഫൻ ആഞ്ഞടിച്ചു. മനുഷ്യപുത്രന്റെ മഹത്ത്വം വാനോളം പുകഴ്ത്തി. ഇതെല്ലാം കേട്ട് വിറളി പൂണ്ട യഹൂദന്മാർ ഉറക്കെ അലറി: "ഇവനെ കല്ലെറിയുക; ഇവനെ കല്ലെറിയുക."

ആ മതഭ്രാന്തന്മാർ സ്റ്റീഫനെ കല്ലെറിഞ്ഞു. രക്തത്തിൽ കുളിച്ച് ആ ധീരപുത്രൻ നിലത്തുവീണു പിടഞ്ഞു! "കർത്താവേ, ഈ പാപം ഇവരുടെമേൽ ചുമത്തരുതേ" എന്ന യാചനയോടെ സ്റ്റീഫൻ കർത്താവിൽ നിദ്രപ്രാപിച്ചു. അതു കണ്ടു നിന്ന വിശ്വാസികൾ ഹൃദയം പൊട്ടുമാറുച്ചത്തിൽ കരഞ്ഞു.

**ക്രൈസ്തവസഭയിലെ ആദ്യത്തെ രക്തസാക്ഷിയാണ് വിശുദ്ധ സ്റ്റീഫൻ**

## നമുക്കു ദൈവവചനം ഓർമ്മിക്കാം

അപ്പോസ്തലൻമാർ യേശുവിന്റെ നാമത്തെപ്രതി അപമാനംസഹിക്കാൻ യോഗ്യത ലഭിച്ചതിൽ സന്തോഷിച്ചുകൊണ്ട് സംഘത്തിന്റെ മുൻപിൽ നിന്ന് പുറത്തുപോയി (അപ്പോ. 5:41).





## നമുക്കു പ്രാർത്ഥിക്കാം

ദൈവമേ, സത്യവിശ്വാസത്തിലും സന്മാർഗത്തിലും സഭയെ നയിക്കാൻ സഭാശുശ്രൂഷകരെ സഹായിക്കണമേ.

## നമുക്കു പ്രതിജ്ഞചെയ്യാം

തിരുസഭയിലെ ഒരംഗമായി ഉറച്ചു നിന്ന് ഞാൻ വീടിനും നാടിനും വെളിച്ചമേകും.



## സത്പ്രവൃത്തികൾ ശീലിക്കുക

**ഈശോയെക്കുറിച്ച് മറ്റുള്ളവരോടു പറയുക.**

**തിരുസഭയിലെ രക്തസാക്ഷികളുടെ പേരുകൾ ചോദിച്ചറിയുക.**

## നമുക്കുപാടാം



തിരുസഭ നല്ലൊരു പുണ്യസഭ
അരുമകൾ ഞങ്ങടെ പുണ്യസഭ
മണ്ണിൽ സ്വർഗം പണിയാനായ്
ഈശോ തീർത്തൊരു സ്നേഹസഭ

തിരുസഭ നല്ലൊരു ധന്യസഭ
ഒരുമയിൽ വളരും ഏകസഭ
മന്നിൽ ശാന്തി പരത്താനായ്
ദൈവം തീർത്തൊരു സ്നേഹസഭ

## ചേരുംപടി ചേർക്കാം

| | | |
|---|---|---|
| ശിമയോൻ | | അയയ്ക്കപ്പെട്ടവൻ |
| അപ്പോസ്തലൻ | | വിശുദ്ധ സ്റ്റീഫൻ |
| പ്രഥമ രക്തസാക്ഷി | | സന്ന്യസ്തർ |
| ബ്രഹ്മചര്യം | | പത്രോസ് |

## ചിത്രം നോക്കി എഴുതാം



മാർപാപ്പാ









## Xncp-k-`-bpsS lev]-\-Iƒ A©v

1. Rmb-dm-gvN-I-fnepw ISap≈ Xncp-\m-fp-I-fnepw hn. Ip¿_m-\-bn¬ ]¶p-sIm≈pI-bpw B Znh-k-ß-fpsS hnip-≤o-I-c-WsØ -X-S- -s∏-Sp-Øm-hp∂ tPmen-I-fnepw {]h¿Ø-\-ß-fnepw \n∂v Al-∂p-\nev°pIbpw sNøpI.
2. h¿jØnsem-cn°- se-¶nepw A\pXvP-Ip-Zm-bv°-W™ v ]m]-ßƒ G‰p-]-d-bp-I.
3. s]k- lm°-me-sØ- ¶nepw ZrhyØ-Iq-Zmi kzoIcn°-pI.
4. k` \n›-bn°p∂ Znh-k-ß-fn¬ amwk-`-£Ww h¿-Pn-°p-Ibpw D]-hmkw A-\pjvTn°p-Ibpw sNøpI.
5. Hmtcm-cp-Øcpw Ah-cpsS Ign-h-\p-k-cn®v k`-bpsS `uXnI-Hm-y-ßƒ°v th≠- Xp-sIm-SpØv klm-b-n°pI.

## DØcw Is≠Ømw

1. inat-bms\ Cutim F¥p t]cpsNm√n-bmWv hn°p∂Xv?
2. ]t{Xmkv F∂ ]Z-Øns, A¿∞-sa¥v?
3. \ΩpsS Ct∏m-gsØ am¿]m∏m Bcv?
4. F{Xm-asØ am¿]m-∏-mbmWv Ct∏mƒ ]t{Xm-kns, knwlm-k-\-Øn-ep-≈Xv?
5. At∏m-kvXe-∑mcpsS ]n≥Km-an-Iƒ Bcv?
6. k`-bnse BZysØ c‡-km£n Bcv?
7. blq-Z-∑m¿ Ão^s\ Fß-s\- -bmWv sIme-s∏-Sp-Øn-bXv?

# 6

# സഭയുടെ സവിശേഷതകൾ



നമുക്ക് ഒരു പിതാവേയുള്ളൂ.

ക്രിസ്തുവിൽ നാമെല്ലാം ഒന്നാണ്.

പരിശുദ്ധാത്മാവ് നമ്മെ ഒന്നാക്കി നിറുത്തുന്നു.

ക്രിസ്തുവിൽ സ്ഥാപിതമായതാണ് നമ്മുടെ സഭ.

താൻ സ്ഥാപിച്ച സഭയെ ക്രിസ്തു
അപ്പോസ്തലന്മാരുടെ കൈകളിൽ ഏല്പിച്ചു.

സ്നേഹമാണ് നമ്മെ ഏവരെയും യോജിപ്പിക്കുന്ന കണ്ണി.

അതിനാൽ സഭ ഏകവും വിശുദ്ധവും
സാർവത്രികവും അപ്പസ്തോലികവുമാണ്.

നമുക്ക് ഒരേ ഒരു അമ്മയേ ഉള്ളൂ:
ആ അമ്മ പരിശുദ്ധ കന്യകാമറിയമാണ്.

## സഭ ഏകമാണ്

ഏക ദൈവം.

ഏക ആത്മാവിൽ നിന്ന് ജീവൻ.

ഏക വിശ്വാസം.

ഏക പ്രത്യാശ.

ഏക ജ്ഞാനം.

ഏക ശരീരം.

സഭാ മക്കൾ തമ്മിൽ ഭിന്നത പാടില്ല.

## സഭ വിശുദ്ധമാണ്

ക്രിസ്തുവാണ് സഭയുടെ സ്ഥാപകൻ.

വിശുദ്ധമാണ് സഭയുടെ ആത്മാവ്.

വിശുദ്ധരാണ് നമുക്കു മാതൃക.

നാം വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു.

സഭയിൽ പാപികളുണ്ടെങ്കിലും സഭ വിശുദ്ധവും പരിപാവനവുമാണ്.

## സഭ സാർവത്രികമാണ്

എല്ലാ ജനങ്ങൾക്കുംവേണ്ടി അയയ്ക്കപ്പെട്ടവളാണ് സഭ.

എല്ലാ മനുഷ്യരെയും തേടുന്ന സ്നേഹമാണ് സഭ.

ആരെയും മാറ്റി നിറുത്താത്ത അമ്മയാണ് സഭ.

എല്ലാവരെയും രക്ഷയിലേക്കു നയിക്കുന്ന പ്രേഷിതയാണ് സഭ.

എല്ലാ കാലങ്ങളിലും ജീവിക്കുന്നവർക്കുവേണ്ടിയുള്ളതാണ് സഭ.

കത്തോലിക്കാ എന്ന പദത്തിന്റെ അർത്ഥം സാർവത്രികം എന്നാണ്.

എല്ലാക്കാലത്തും എല്ലാ സ്ഥലങ്ങളിലും ജീവിക്കുന്ന ജനങ്ങൾക്കു വേണ്ടിയാണ് സഭ സ്ഥാപിതമായിരിക്കുന്നത്.

## സഭ അപ്പസ്തോലികമാണ്

അപ്പോസ്തലന്മാരാകുന്ന അടിസ്ഥാനത്തിൽ സ്ഥാപിതമാണ് സഭ.

സകലർക്കും വേണ്ടി അയയ്ക്കപ്പെട്ടവളാണ് സഭ.

ക്രിസ്തു സഭയെ നയിക്കുന്നു.

സത്യവിശ്വാസത്തെ സംരക്ഷിക്കുന്നതാണ് സഭ.

സഭ ലോകനന്മയ്ക്കായി നിലകൊള്ളുന്നു.

**സഭയുടെ കാണപ്പെടുന്ന തലവനാണ് മാർപാപ്പാ.**

**മെത്രാന്മാർ അപ്പോസ്തലന്മാരുടെ പിൻഗാമികളാണ്.**

**സഭയിലെ അധികാരം ക്രിസ്തുവിൽ നിന്നാണു വരുന്നത്.**



### നമുക്കു പ്രാർത്ഥിക്കാം

കർത്താവേ, മാനവരക്ഷകനായി ഏകവും വിശുദ്ധവും സാർവത്രികവും അപ്പസ്തോലികവുമായ ഒരു സഭയ്ക്ക് അവിടന്ന് രൂപംനൽകിയല്ലോ. ആ സഭയിൽ അംഗമാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനം കൊള്ളുന്നു. അവിടത്തെ അനുഗ്രഹം എന്റെ മേൽ ചൊരിയണമേ.

## നമുക്കു ദൈവവചനം ഓർമ്മിക്കാം

"നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമാകാൻ ജ്ഞാനസ്നാനമേറ്റു" (1 കൊറി. 12:13).





## നമുക്കു പ്രതിജ്ഞചെയ്യാം

സഭയുടെ കൂട്ടായ്മയും പരസ്പരസ്നേഹവും നഷ്ടപ്പെടുത്താതെ നല്ലൊരു സഭാവിശ്വാസിയായി വളർന്നുവരുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു.

## സത്പ്രവൃത്തികൾ ശീലിക്കുക

മിഷൻ ഞായറാഴ്ച നടത്തപ്പെടുന്ന പരിപാടികളിൽ ഞാൻ സജീവമായി പങ്കുകൊള്ളും.

## നമുക്കുപാടാം

പാവനമാകും തിരുവചനങ്ങൾ
പാരിടമെങ്ങും നിറയട്ടെ



സുവിശേഷത്തിൻ ചൈതന്യത്താൽ
സ്നേഹവസന്തം വിടരട്ടെ

തിരുസഭ തന്നുടെ മക്കൾ നമ്മൾ-
ക്കൊന്നിച്ചൊന്നായ് മുന്നേറാം

നന്മപരത്താം ചങ്ങാതികളേ
തിന്മയ്ക്കെതിരേ പോരാടാം

**ഇത് സഭാവൃക്ഷമാണ്. സഭയുടെ സവിശേഷതകൾ വൃക്ഷങ്ങളിൽ തൂക്കിയിട്ടിരിക്കുന്ന കാർഡുകളിൽ എഴുതൂ.**



**ചേരുംപടി ചേർക്കുക**

| | | |
|---|---|---|
| ഒരേയൊരുഅമ്മ | | ഐക്യം |
| കത്തോലിക്കാ | | യോജിപ്പിക്കുന്ന കണ്ണി |
| സ്നേഹം | | പരിശുദ്ധ കന്യകാമറിയം |
| പരിശുദ്ധാത്മാവ് | | സാർവത്രികം |

നിങ്ങളുടെ ഇടവകയിലെ സഭാശുശ്രൂഷകരുടെ പദവി, പേര് എന്നിവ ശേഖരിക്കുക.

## ഉത്തരം കണ്ടെത്താം

1. ആരാണ് സഭയെ ഒന്നായിനിറുത്തുന്നത്?
2. ക്രിസ്തു ആരുടെ കൈകളിലാണ് സഭയെ ഏല്പിച്ചത്?
3. അപ്പോസ്തലന്മാരുടെ പിൻഗാമികൾ ആരെല്ലാം?
4. ആർക്കുവേണ്ടിയാണ് സഭ സ്ഥാപിതമായത്?
5. സഭയിലെ അധികാരം ആരിൽ നിന്നാണു വരുന്നത്?
6. സഭയുടെ പ്രധാനപ്പെട്ട സവിശേഷതകൾ എത്ര? ഏവ?

7

# മറിയം - സഭയുടെ മാതാവ്



കണ്ണെത്താദൂരത്ത്  പരുന്തിന്റെ നിഴലാട്ടം കാണുമ്പോൾ കുഞ്ഞുങ്ങളെ ചിറകിനടിയിൽ ഒളിപ്പിക്കുന്ന അമ്മക്കോഴിയെ നാം കാണാറുണ്ടല്ലോ.

കൂട്ടിനുള്ളിൽ 'കീകീ' എന്നു ചിലച്ചുകൊണ്ടിരിക്കുന്ന കുഞ്ഞുങ്ങൾക്ക് തീറ്റ തേടാനായി കാടുംമേടും കടന്ന് തളരാതെ പറന്നുപോകുന്ന അമ്മക്കിളിയെയും നാം കണ്ടിട്ടുണ്ട്. ഇതാണ് മാതൃവാത്സല്യത്തിന്റെ പ്രത്യേകത. മാതാവ് എന്നും സ്വന്തം കുഞ്ഞുങ്ങളുടെ കാര്യത്തിൽ ജാഗ്ര തയുള്ളവളാണ്. നമ്മുടെ അമ്മമാരും നമുക്കുവേണ്ടി എന്തെല്ലാം ത്യാഗ ങ്ങളാണു സഹിക്കുന്നത്!

## മറിയം നമ്മുടെ മാതാവ്

രക്ഷകനായ ഈശോയുടെ അമ്മയായതിലൂടെ മറിയം മാനവരാശിയുടെ മുഴുവൻ അമ്മയായി മാറി. നമ്മുടെ അമ്മമാരെക്കാളുപരി നമ്മെ സ്നേഹിക്കുന്ന സ്വർഗീയഅമ്മയാണ് പരിശുദ്ധമറിയം. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മാതൃക മറിയം നമുക്കു കാണിച്ചുതരുന്നു. മനുഷ്യസ്നേഹത്തിന്റെയും ലളിതജീവിതത്തിന്റെയും വിനയത്തിന്റെയും മാതൃകകൾ മറിയം നമുക്കു നല്കി.

## സെഹിയോൻ ഊട്ടുശാലയിലെ മാതാവ്

അപ്പോസ്തലന്മാർക്ക് പരിശുദ്ധ മറിയത്തിന്റെ സാന്നിധ്യം ശക്തിയും ധൈര്യവും പകർന്നു. ഗുരുവിന്റെ മാതാവിനെ അവർ സ്വന്തംഅമ്മയായി കരുതുകയും ആദരിക്കുകയും ചെയ്തു.

## കുരിശിൻ ചുവട്ടിലെ മാതാവ്

കുരിശിൽ കിടക്കുന്ന ഈശോ മാതാവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് തന്റെ വത്സലശിഷ്യനായ യോഹന്നാനോടു പറഞ്ഞു: "ഇതാ നിന്റെ അമ്മ!" അതുപോലെ അമ്മയോടു പറഞ്ഞു: "ഇതാ നിന്റെ മകൻ".

**സഭയുടെ ആരംഭം മുതല്ക്കേ**
**മറിയം സഭയോടൊപ്പമുണ്ട്. മറിയത്തെപ്പോലെ നാമും**
**ക്രിസ്തുവിൽ വിശ്വസിക്കണം,**
**നന്മ ചെയ്യണം, വിശുദ്ധിയിൽ വളരണം.**

## മാതാവിന്റെ സ്വർഗാരോപണം

മാതാവിന്റെ സ്വർഗാരോപണം എന്നത് ഒരു വിശ്വാസസത്യമാണ്. ഈശോയുടെ സ്വർഗാരോഹണവും മറിയത്തിന്റെ സ്വർഗാരോപണവും മനുഷ്യന്റെ സ്വർഗപ്രവേശനത്തിന്റെ മുന്നോടിയാണ്. ഈ ലോകജീവി താനന്തരം മറിയം സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു.

## ജപമാലയുടെ പ്രാധാന്യം

രക്ഷാകരരഹസ്യങ്ങളിലൂടെയുള്ള നമ്മുടെ ഒരു തീർത്ഥയാത്ര യാണ് ജപമാല. അതുവഴി മറിയത്തോടുള്ള നമ്മുടെ സ്നേഹവും ഭക്തിയും നാം പ്രകടിപ്പിക്കുന്നു. നാം ജപമാലയി ലൂടെയാണ് അനുഗ്രഹങ്ങൾ നേടേണ്ടത്.

സന്ധ്യാനേരത്ത് ദേവാലയമണിമുഴങ്ങുമ്പോൾ കുടുംബാംഗങ്ങ ളെല്ലാം ഒരുമിച്ച് ജപമാല ചൊല്ലുക എന്നത് ക്രൈസ്തവരുടെ ഒരു നല്ല പാരമ്പര്യമാണ്. കുടുംബങ്ങളുടെ കെട്ടുറപ്പിനും അച്ചട ക്കത്തിനും മനശ്ശാന്തിക്കും ജപമാല സഹായകമാകും.



**കുഞ്ഞുംനാൾ മുതൽ തന്നെ ജപമാലയിൽ പങ്കുചേരാനും ജപമാല ചൊല്ലാനും നാം ശീലിക്കണം.**
**ജപമാലയ്ക്ക് കൊന്ത എന്നും പേരുണ്ട്. വിശുദ്ധിയിൽ വളരാൻ ജപമാല നമ്മെ സഹായിക്കുന്നു.**

**മറിയം സഭയുടെ മാതാവാണ്. സഭയുടെ തുടക്കത്തിലും വളർച്ചയിലും മാതാവ് നമ്മുടെ കൂടെയുണ്ട്. മറിയം നമ്മെ സംരക്ഷിക്കുന്നു. പരിശുദ്ധഅമ്മ നമ്മെ ഈശോയുടെ പക്കലേക്ക് കൈപിടിച്ചുനടത്തുന്നു.**

**കഷ്ടപ്പെടുന്നവരുടെയും കണ്ണീരൊഴുക്കുന്നവരുടെയും മുന്നിൽ ഒരു സാന്ത്വനദീപമായി അമ്മ പ്രത്യക്ഷപ്പെടുന്നു.**



## നമുക്കു ദൈവവചനം ഓർമ്മിക്കാം

"എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു... ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു" (ലൂക്ക 1:46-49).

## നമുക്കു പ്രാർത്ഥിക്കാം

പരിശുദ്ധമറിയത്തെ ഞങ്ങൾക്ക് അമ്മയായി നല്കിയ ദിവ്യരക്ഷകാ, അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു.



## നമുക്കു പ്രതിജ്ഞചെയ്യാം

ഞാൻ മരിയഭക്തിയിൽ വളരും.

## ചിത്രകേളി

മാതാവിന്റെ ഈ ചിത്രത്തിന് ഭംഗിയായി നിറം കൊടുക്കുക



## സത്പ്രവൃത്തികൾ ശീലിക്കുക

ജപമാല മുടങ്ങാതെ ചൊല്ലുക.

മാതാവിന്റെ വിവിധ നാമധേയങ്ങൾ ശേഖരിക്കുക.

മാതാവ് പ്രത്യക്ഷപ്പെട്ട സ്ഥലങ്ങളുടെ പേര് ശേഖരിക്കുക.

**അമ്മയിൽ നിന്ന് നിങ്ങൾ എന്തെല്ലാം ആഗ്രഹിക്കുന്നു?**

നിങ്ങൾ ആഗ്രഹിക്കുന്ന കാര്യങ്ങൾ പട്ടങ്ങളുടെ നടുവിൽ എഴുതുക.



## ചേരുംപടി ചേർക്കുക

| | | |
|---|---|---|
| ഇതാ നിന്റെ അമ്മ | | കൊന്ത |
| യോഹന്നാൻ | | വിശ്വാസസത്യം |
| ജപമാല | | ഇതാ നിന്റെ മകൻ |
| മാതാവിന്റെ സ്വർഗാരോപണം | | വത്സലശിഷ്യൻ |

## നമുക്കുപാടാം



തലമുടി കോതി മിനുക്കുമമ്മ - എന്നും
താരാട്ടുപാടിയുറക്കുമമ്മ
നല്ലതു ചൊല്ലി വളർത്തുമമ്മ - എന്നെ
നേർവഴികാട്ടി നടത്തുമമ്മ
ആപത്തുനേരത്തു കാക്കുമമ്മ - എന്റെ
സങ്കടമൊക്കെയും മാറ്റുമമ്മ
അമ്മതൻ തങ്കക്കുടങ്ങളല്ലോ - നമ്മൾ
അമ്മതൻ പുന്നാരമക്കളല്ലോ.

## കടങ്കഥയുടെ ഉത്തരം പറയാം

ഒരുമ വളർത്തിടുമീമാല
സാന്ത്വനമേകിടുമീ മാല
ശാന്തി പകർന്നിടുമീ മാല
ഏതാണേതാണീമാല?

## ജപമാല രഹസ്യങ്ങൾ

### സന്തോഷകരമായ ദിവ്യരഹസ്യങ്ങൾ

1. മംഗളവാർത്ത 2. മറിയം എലിസബത്തിനെ സന്ദർശിക്കുന്നു. 3. ഈശോയുടെ ജനനം 4. ഈശോയെ ദേവാലയത്തിൽ കാഴ്ച വയ്ക്കുന്നു. 5. ഈശോയെ ദേവാലയത്തിൽ കണ്ടെത്തുന്നു.

### ദുഃഖകരമായ ദിവ്യരഹസ്യങ്ങൾ

1. ഈശോ ഗത്സമനിയിൽ രക്തം ചിന്തി പ്രാർത്ഥിക്കുന്നു. 2. ഈശോയെ ചമ്മട്ടികൊണ്ട് അടിക്കുന്നു. 3. ഈശോയെ മുൾക്കിരീടം ധരിപ്പിക്കുന്നു. 4. ഈശോ കുരിശു ചുമക്കുന്നു. 5. ഈശോയുടെ കുരിശുമരണം.

### മഹിമയുടെ ദിവ്യരഹസ്യങ്ങൾ

1. ഈശോയുടെ ഉയിർപ്പ് 2. ഈശോയുടെ സ്വർഗാരോഹണം
3. പരിശുദ്ധാത്മാവിന്റെ ആഗമനം. 4. മറിയത്തിന്റെ സ്വർഗാരോപണം
5. പരിശുദ്ധമാതാവ് സ്വർഗരാജ്ഞിയായി മുടിധരിപ്പിക്കപ്പെടുന്നു.

### പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങൾ

1. ഈശോയുടെ ജ്ഞാനസ്നാനം 2. ഈശോ വെള്ളം വീഞ്ഞാക്കുന്നു.
3. മലയിലെ പ്രസംഗം 4. ഈശോ രൂപാന്തരപ്പെടുന്നു.
5. ഈശോ വിശുദ്ധ കുർബാന സ്ഥാപിക്കുന്നു.

### ഉത്തരം കണ്ടെത്താം

1. സ്വന്തം കുഞ്ഞുങ്ങളുടെ കാര്യത്തിൽ ശ്രദ്ധയുള്ളതാർക്കാണ്?
2. അപ്പോസ്തലന്മാർക്ക് മനോധൈര്യം പകർന്നതാര്?
3. എവിടെവച്ചാണ് മറിയം രക്ഷകന്റെ മാതാവായിത്തീർന്നത്?
4. മാതാവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഈശോ യോഹന്നാനോടു പറഞ്ഞതെന്ത്?
5. മറിയം നമുക്കു തരുന്ന മാതൃകയെന്ത്?
6. സ്വർഗാരോപണത്തിരുനാൾ ആഘോഷിക്കുന്നതെന്ന്?
7. മറിയം സഭയെ എങ്ങനെ സംരക്ഷിക്കുന്നു?



# 8 കൂദാശകൾ - പ്രസാദവരത്തിന്റെ നീർച്ചാലുകൾ

വരണ്ടുണങ്ങിയ പാടം നിങ്ങൾ കണ്ടിരിക്കും; അല്ലേ? ഒരു തുള്ളി ദാഹജലത്തിനായി അത് മാനത്തേക്കു മിഴിനട്ടുകിടക്കുകയാണ്. വലിയ പുഴയിൽ നിന്ന് ഒരു നീർച്ചാൽ അതിലേ ഒഴുകിയെത്തിയാൽ ആ നിമിഷം പാടത്തിന് ജീവൻ വയ്ക്കും. ഇതു തന്നെയാണ് വരണ്ട മനസ്സിന്റെയും അവസ്ഥ.

**ഒരു കഥകേൾക്കൂ**

## ഈശോയും സമരിയക്കാരിയും

ഈശോ ഒരിക്കൽ സമരിയയിലെ ഒരു കിണറ്റിൻകരയിൽ ഇരിക്കുകയായിരുന്നു. ആ സമയത്ത് കൈയിലൊരു കുടവുമായി ഒരു സമരിയക്കാരി വെള്ളമെടുക്കാൻ അവിടെ വന്നു. തൊട്ടി കിണറ്റിലിട്ട് വെള്ളം കോരുമ്പോൾ ഈശോ ആ സ്ത്രീയോടു ചോദിച്ചു:

"എനിക്കു ദാഹിക്കുന്നു. ഒരല്പം വെള്ളം തരാമോ?"

"യഹൂദനായ നിനക്ക് വെള്ളം തരാൻ എനിക്കു കഴിയില്ല." - സമരിയക്കാരി അറിയിച്ചു.



അപ്പോൾ ഈശോ പറഞ്ഞു: "നീ എന്നോട് ആവശ്യപ്പെട്ടാൽ നിനക്കു ഞാൻ ജീവന്റെ ജലം തരാം".

"അതെങ്ങനെ? വെള്ളം കോരാൻ നിന്റെ കൈയിൽ പാത്രമില്ലല്ലോ; കിണറാകട്ടെ ആഴമുള്ളതും.

പിന്നെ ജീവന്റെ ജലം നിനക്കെവിടെ നിന്നു കിട്ടും?" അവൾ ഈശോയെ നോക്കി. "ഈ കിണറ്റിലെ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും. എന്നാൽ ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല." - ഈശോ അരുൾചെയ്തു.

ഈശോ പറഞ്ഞത് സാധാരണ ജലത്തെക്കുറിച്ചല്ല; അവളുടെ മനസ്സിന്റെ വരൾച്ച മാറ്റുന്ന ജീവജലത്തെക്കുറിച്ചായിരുന്നു. അതെ; **നമ്മുടെ വരണ്ടുണങ്ങിയ മനസ്സുകൾക്ക് ജീവൻ പകരുന്ന പ്രസാദവരത്തിന്റെ നീർച്ചാലുകളാണ് കൂദാശകൾ. ഈശോയാണ് കൂദാശകളുടെ സ്ഥാപകൻ.**

**ഈശോയാകുന്ന വലിയ ഉറവയിൽ നിന്നൊഴുകുന്ന നീർച്ചാലുകളാണ് കൂദാശകൾ.**

**കൂദാശകളുടെ സ്വീകരണംവഴി നമുക്ക് ദൈവവരപ്രസാദം ലഭിക്കുന്നു.**

**ഈശോ സ്ഥാപിച്ച കൂദാശകൾ സഭയെ ഏല്പിച്ചു.**

## എന്താണ് കൂദാശ?

**കൂദാശ എന്ന വാക്കിന് വിശുദ്ധീകരിക്കുന്ന കർമ്മം എന്നാണ് അർത്ഥം.**

**കാണപ്പെടാത്ത ദൈവവരപ്രസാദം നമുക്കു നൽകുന്നതിന് ഈശോ സ്ഥാപിച്ചതും സഭയെ ഏല്പിച്ചതുമായ കാണപ്പെടുന്ന അടയാളമാണ് കൂദാശ.**

### കൂദാശ

- വിശുദ്ധീകരിക്കുന്ന കർമ്മം
- ഈശോയാണ് സ്ഥാപിച്ചത്
- സഭയെ ഏല്പിച്ചു
- ദൈവവരപ്രസാദം നമുക്കു നല്കുന്ന കാണപ്പെടുന്ന അടയാളം
- ദൈവത്തിന്റെ പ്രത്യേകമായ ഇടപെടൽ

## കൂദാശകൾ ഏഴ്

ഏഴ് കൂദാശകളാണ് ഈശോ സ്ഥാപിച്ചത്

1. ജ്ഞാനസ്നാനം (മാമ്മോദീസ)
2. സ്ഥൈര്യലേപനം
3. കുർബാന (ദിവ്യകാരുണ്യം)
4. കുമ്പസാരം
5. രോഗീലേപനം
6. തിരുപ്പട്ടം (പൗരോഹിത്യം)
7. വിവാഹം

### കൂദാശകളെ രണ്ടായി തിരിക്കാം : എങ്ങനെയെന്നോ?

**1. ഒരിക്കൽ മാത്രം സ്വീകരിക്കാവുന്ന കൂദാശകൾ:**

**ജ്ഞാനസ്നാനം**
**സ്ഥൈര്യലേപനം**
**തിരുപ്പട്ടം**

ഈ കൂദാശകളിലൂടെ പരിശുദ്ധാത്മാവിന്റെ മായാത്ത മുദ്ര എന്നന്നേക്കുമായി നമ്മുടെ ആത്മാവിൽ പതിയുന്നു. അതിനാലാണ് അവ ഒരിക്കൽ മാത്രം സ്വീകരിക്കുന്നത്.

**2. ഒന്നിലധികം പ്രാവശ്യം സ്വീകരിക്കാവുന്ന കൂദാശകൾ:**

**കുർബാന (ദിവ്യകാരുണ്യം)**
**കുമ്പസാരം**
**രോഗീലേപനം**
**വിവാഹം**

**കുർബാനയും കുമ്പസാരവും കൂടക്കൂടെ വേണ്ടത്ര ഒരുക്കത്തോടെ സ്വീകരിക്കേണ്ടതാണ്.**

ഓരോ കൂദാശയിലൂടെയും ദൈവികജീവൻ നമ്മിലേക്ക് ഒഴുകിയെത്തുന്നു. ഈ ദൈവികജീവനാണ് വിശുദ്ധിയിൽ വളരാൻ നമ്മെ സഹായിക്കുന്നത്.

## നമുക്കു ദൈവവചനം ഓർമ്മിക്കാം



"ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ" (യോഹ. 7:37).

## സത്പ്രവൃത്തികൾ ശീലിക്കുക

ദേവാലയത്തിൽ നടക്കുന്ന തിരുക്കർമ്മങ്ങളിലും മറ്റു കൂദാശകളിലും അച്ചടക്കത്തോടെ പങ്കെടുക്കുവാൻ ശീലിക്കുക.



## നമുക്കുപാടാം

ദിവ്യകൂദാശയിലൂടെ നമ്മൾ
നേടിയെടുക്കും വരപ്രസാദം
പങ്കുവച്ചെന്നും വളർന്നീടേണം
ചിത്തത്തിൽ സൂക്ഷിച്ചുവച്ചിടേണം

## ചേരുംപടി ചേർക്കുക

| | | |
|---|---|---|
| ഒപ്രൂശുമ | | പൗരോഹിത്യം |
| മിശിഹാ | | സ്ഥൈര്യലേപനം |
| തിരുപ്പട്ടം | | അഭിഷിക്തൻ |

# ചിത്രകേളി

**ഈ ചിത്രങ്ങൾ ഏതേതു കൂദാശകളെ സൂചിപ്പിക്കുന്നുവെന്ന് അതതു സ്ഥാനങ്ങളിൽ എഴുതുക.**



.................................................................................



.................................................................................



.................................................................................



.................................................................................



.................................................................................



.................................................................................



.................................................................................

## ഉത്തരം കണ്ടെത്താം

1. ഈശോ സമരിയക്കാരിയോട് ആവശ്യപ്പെട്ടതെന്ത്?
2. എങ്ങനെയുള്ള ജലം നൽകാമെന്നാണ് ഈശോ അവളോടു പറഞ്ഞത്?
3. കൂദാശകൾ സ്ഥാപിച്ചതാര്?
4. കൂദാശ എന്ന വാക്കിന്റെ അർത്ഥമെന്ത്?
5. കൂദാശ എന്നാൽ എന്ത്?
6. കൂദാശകൾ എത്ര? ഏതെല്ലാം?
7. ഒരിക്കൽ മാത്രം സ്വീകരിക്കാവുന്ന കൂദാശകൾ ഏതെല്ലാം?
8. കൂടക്കൂടെ സ്വീകരിക്കേണ്ട കൂദാശകൾ ഏവ?

## പരിശുദ്ധ രാജ്ഞീ

പരിശുദ്ധ രാജ്ഞീ, കരുണയുള്ള മാതാവേ, സ്വസ്തി! ഞങ്ങളുടെ ജീവനും മാധുര്യവും ശരണവുമേ, സ്വസ്തി! ഹാവായുടെ പുറംതള്ളപ്പെട്ട മക്കളായ ഞങ്ങൾ അങ്ങേപ്പക്കൽ നിലവിളിക്കുന്നു. കണ്ണുനീരിന്റെ ഈ താഴ്‌വരയിൽനിന്ന് വിങ്ങിക്കരഞ്ഞ് അങ്ങേപ്പക്കൽ ഞങ്ങൾ നെടുവീർപ്പിടുന്നു. ആകയാൽ ഞങ്ങളുടെ മദ്ധ്യസ്ഥേ! അങ്ങയുടെ കരുണയുള്ള കണ്ണുകൾ ഞങ്ങളുടെ നേരേ തിരിക്കണമേ. ഞങ്ങളുടെ ഈ പ്രവാസത്തിനുശേഷം അങ്ങയുടെ ഉദരത്തിന്റെ അനുഗൃഹീത ഫലമായ ഈശോയെ ഞങ്ങൾക്കു കാണിച്ചു തരണമേ. കരുണയും വാത്സല്യവും മാധുര്യവും നിറഞ്ഞ കന്യകാമറിയമേ,

ആമ്മേൻ.

# 9 ജ്ഞാനസ്നാനം



ഈശോയ്ക്ക് മുപ്പതു വയസ്സുള്ള കാലം. ഒരു ദിവസം അവിടന്ന് ജോർദ്ദാൻനദീതീരത്തെത്തി. സ്നാപകയോഹന്നാനിൽനിന്ന് ജ്ഞാനസ്നാനം സ്വീകരിക്കാൻ ഉദ്ദേശിച്ചാണ് അവിടെ എത്തിച്ചേർന്നത്. ആരാണീ സ്നാപകയോഹന്നാൻ? ഈശോയ്ക്ക് വഴിയൊരുക്കാൻ ദൈവം അയച്ച ഒരു പ്രവാചകനായിരുന്നു അദ്ദേഹം.

ഈശോ സ്നാപകയോഹന്നാന്നിൽ നിന്ന് ജ്ഞാനസ്നാനം സ്വീകരിച്ചു. അപ്പോൾ സ്വർഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവിടത്തെമേൽ ഇറങ്ങിവന്നു. ഒപ്പം സ്വർഗത്തിൽ നിന്ന് പിതാവായ ദൈവത്തിന്റെ സ്വരവും ഉയർന്നുകേട്ടു: “ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.” അതോടെ ഈശോ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായി.

ഈശോ ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ പരിശുദ്ധാത്മാവിനാൽ പൂരിതനായി. അതുപോലെ ജ്ഞാനസ്നാനത്തിലൂടെയാണ് ദൈവികജീവന് നാമും അവകാശികളായിത്തീരുന്നത്.

ആദിമാതാപിതാക്കളുടെ പാപംമൂലം നാമെല്ലാവരും പാപത്തോടുകൂടെയാണ് ഈ ഭൂമിയിൽ പിറന്നു വീഴുന്നത്. ഈ പാപത്തിൽ നിന്ന് മോചിപ്പിച്ച് നമ്മെ ദൈവമക്കളാക്കിത്തീർക്കുന്നത് ഈശോയാണ്. അതിനുവേണ്ടിയാണ് അവിടന്ന് ജ്ഞാനസ്നാനം എന്ന കൂദാശ സ്ഥാപിച്ചത്. ഈശോ ശിഷ്യന്മാരോടു പറഞ്ഞു: "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ" (മത്താ. 28:19-20).

**ജലത്താലും പരിശുദ്ധാത്മാവാലും നാം നേടുന്ന പുതിയൊരു ജനനമാണ് ജ്ഞാനസ്നാനം.**



**ജ്ഞാനസ്നാനം സ്വീകരിക്കുന്നതോടെ നമ്മിലുള്ള ഉത്ഭവപാപം ഇല്ലാതാകുന്നു. നാം ശുദ്ധീകരിക്കപ്പെടുന്നു.**

ശിശുപ്രായത്തിലാണ് നാം ജ്ഞാനസ്നാനം സ്വീകരിക്കുന്നത്. അന്ന് നമുക്കുവേണ്ടി ഈശോയിലുള്ള വിശ്വാസം ഏറ്റുപറയാൻ നമ്മോടൊപ്പം മാതാപിതാക്കളും തലതൊട്ടപ്പനും തലതൊട്ടമ്മയും വിശ്വാസിസമൂഹവും ഉണ്ടാകും. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നമ്മുടെ തലയിൽ വെള്ളമൊഴിച്ചുകൊണ്ട് വൈദികൻ നമ്മെ ജ്ഞാനസ്നാനപ്പെടുത്തുന്നു. ഇതോടെ നാം സഭാമക്കളായിത്തീരുന്നു.





**ജ്ഞാനസ്നാനം വഴി നാം ദൈവമക്കളും സ്വർഗത്തിന് അവകാശികളുമായി മാറുന്നു.**



ജ്ഞാനസ്നാനത്തിലൂടെ നമുക്കു ലഭിക്കുന്ന ദൈവിക ജീവനെ പ്രസാദവരം എന്നു പറയും. ദൈവമക്കളായി ജീവിക്കുന്നതിന് നമുക്കു ശക്തി തരുന്നത് ഈ പ്രസാദവരമാണ്. ജ്ഞാനസ്നാനം സ്വീകരിച്ച നിമിഷം മുതൽ ദൈവം നമ്മിൽ വസിക്കാൻതുടങ്ങി. അങ്ങനെ നാം ദൈവാത്മാവ് വസിക്കുന്ന ആലയങ്ങളായി മാറുന്നു.

**ഉത്ഭവപാപത്തിൽ നിന്നും കർമ്മപാപമുണ്ടെങ്കിൽ അതിൽ നിന്നും മോചിപ്പിച്ച് നമ്മെ ദൈവത്തിന്റെ മക്കളും സ്വർഗത്തിന് അവകാശികളുമാക്കുന്ന കൂദാശയാണ് ജ്ഞാനസ്നാനം.**

## നമുക്ക് ദൈവവചനം ഓർമ്മിക്കാം

പത്രോസ് പറഞ്ഞു: "നിങ്ങൾ പശ്ചാത്തപിക്കുവിൻ, പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കു ലഭിക്കും" (അപ്പോ. 2:38).





## നമുക്കു പ്രാർത്ഥിക്കാം

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവമേ,
ജ്ഞാനസ്നാനത്തിലൂടെ എനിക്കു ലഭിച്ച
കൃപാവരം നഷ്ടപ്പെടാതെ സൂക്ഷിക്കാൻ എനിക്കു
കഴിവു നൽകണമേ.
ഈ പ്രാർത്ഥന അങ്ങ് സദയം സ്വീകരിക്കണമേ.



## നമുക്കു പ്രതിജ്ഞചെയ്യാം

ജ്ഞാനസ്നാനം വഴി ദൈവമക്കളായ നാം ഒരുമയിൽ വളരും.

## സത്പ്രവൃത്തികൾ ശീലിക്കുക

ജ്ഞാനസ്നാനകർമ്മത്തിൽ സജീവമായി പങ്കെടുത്ത്
വിശുദ്ധ കർമ്മങ്ങൾ മനസ്സിലാക്കാം.

## ചിത്രകേളി

ഇതാ സ്നാപകയോഹന്നാന്റെ ഒരു ചിത്രം.
ഇതിന് നിറം കൊടുക്കാം.



## നമുക്കുപാടാം

മാമ്മോദീസാ മുങ്ങിയ നമ്മൾ
ദൈവപിതാവിൻ പ്രിയമക്കൾ

തിരുസഭ തന്നുടെ കുഞ്ഞാടുകളായ്
നമ്മൾക്കൊന്നായ് മുന്നേറാം



ദൈവം നല്കിയ വരപ്രസാദം
അണയാതെന്നും സൂക്ഷിക്കാം

മാമ്മോദീസാ മുങ്ങിയ നമ്മൾ
ദൈവപിതാവിൻ പ്രിയമക്കൾ.

## ചേരുംപടി ചേർക്കുക

| | | |
|---|---|---|
| മിശിഹാ | | മാമ്മോദീസ |
| പ്രസാദവരം | | പ്രവാചകൻ |
| ജ്ഞാനസ്നാനം | | അഭിഷിക്തൻ |
| സ്നാപകയോഹന്നാൻ | | ദൈവികജീവൻ |

**നിങ്ങളുടെ ജ്ഞാനസ്നാനസ്വീകരണത്തിന്റെ വിശദവിവരങ്ങൾ ശേഖരിക്കുക.**

എന്റെ ജ്ഞാനസ്നാന തീയതി

..............................................................

എന്റെ ജ്ഞാനസ്നാന മാതാപിതാക്കളുടെ പേര്

..............................................................

..............................................................

## മനസ്താപപ്രകരണം

എന്റെ ദൈവമേ, ഏറ്റം നല്ലവനും എല്ലാറ്റിനും ഉപരിയായി സ്നേഹിക്കപ്പെടുവാൻ യോഗ്യനുമായ അങ്ങേയ്ക്കെതിരായി പാപം ചെയ്തുപോയതിനാൽ പൂർണഹൃദയത്തോടെ ഞാൻ മനസ്തപിക്കുകയും പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു. അങ്ങയെ ഞാൻ സ്നേഹിക്കുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും സ്വർഗം നഷ്ടപ്പെടുത്തി നരകത്തിന് അർഹനായി (യായി) ത്തീർന്നതിനാലും ഞാൻ ഖേദിക്കുന്നു. അങ്ങയുടെ പ്രസാദവരസഹായത്താൽ പാപസാഹചര്യങ്ങൾ ഉപേക്ഷിക്കുമെന്നും മേലിൽ പാപം ചെയ്യുകയില്ലെന്നും ദൃഢമായി ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലുമൊരു പാപം ചെയ്ക എന്നതിനെക്കാൾ മരിക്കാനും ഞാൻ സന്നദ്ധനാ (യാ)യിരിക്കുന്നു,

ആമ്മേൻ

### ഉത്തരം കണ്ടെത്താം

1. ഈശോയ്ക്ക് സ്നാനം നല്കിയതാര്?
2. പരിശുദ്ധാത്മാവ് ഏതു രൂപത്തിലാണ് ഈശോയുടെമേൽ ഇറങ്ങിവന്നത്?
3. സ്വർഗത്തിൽ നിന്നുകേട്ട അശരീരി എന്തായിരുന്നു?
4. ജ്ഞാനസ്നാനത്തിന്റെ ഫലങ്ങൾ ഏവ?
5. നാം ദൈവികജീവന് അവകാശികളായിത്തീരുന്നതെങ്ങനെ?
6. ജ്ഞാനസ്നാനസമയത്ത് നമുക്കുവേണ്ടി വിശ്വാസം ഏറ്റുപറയുന്നതാര്?
7. എന്താണ് ജ്ഞാനസ്നാനം എന്ന കൂദാശ?

# 10 സ്ഥൈര്യലേപനം



ഒരു തൈച്ചെടി മുളച്ചു പൊങ്ങുന്നതു കാണാൻ എന്തൊരു രസമാണ്; അല്ലേ? ഇളംതളിരുകൾ വീശി പയ്യെപ്പയ്യെ തലയുയർത്തി അതങ്ങനെ വളർന്നുവരും.

ഒരു തൈച്ചെടിയുടെ വളർച്ചയ്ക്ക് വെള്ളവും വളവും മാത്രം പോരാ; തേജസ്വിയായ സൂര്യന്റെ പ്രകാശവും ആവശ്യമാണ്.

ഇളംചെടികൾക്ക് സൂര്യപ്രകാശംപോലെ സഭാമക്കളായ നമുക്ക് നന്നായി വളർന്നുവരാൻ പരിശുദ്ധാത്മാവിന്റെ അനുഗ്രഹം കൂടിയേ കഴിയൂ. തളർച്ചകളിലും തകർച്ചകളിലും നമുക്കു ശക്തിപകരുന്നത് പരിശുദ്ധാത്മാവാണ്.

പെന്തക്കോസ്താ ദിനത്തിൽ പരിശുദ്ധാത്മാവ് അപ്പോസ്തലന്മാരിൽ വന്നു നിറഞ്ഞതായി നാം നേരത്തേ പഠിച്ചുവല്ലോ. അതോടെ അവർ ആത്മാവിൽ ശക്തരായി; പ്രസംഗിക്കാനും പ്രവർത്തിക്കാനും നന്മകൾ ചെയ്യാനും അവർക്കു കഴിവുണ്ടായി.

**അപ്പോസ്തലന്മാർ പ്രത്യേകമായി പരിശുദ്ധാത്മാവിനെ സ്വീകരിച്ചതുപോലെ സ്ഥൈര്യലേപനത്തിലൂടെ നമ്മളും പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു.**

ജ്ഞാനസ്നാനത്തിലൂടെ ദൈവമക്കളായിത്തീർന്ന നമുക്ക് പരിശുദ്ധാത്മാവിനെ പ്രത്യേകമായി നൽകുന്ന കൂദാശയാണ് സ്ഥൈര്യലേപനം. ഈ കൂദാശ സ്വീകരിക്കുന്നതോടെ നാം വിശ്വാസത്തിൽ സ്ഥിരതയുള്ളവരും യേശുവിന്റെ സാക്ഷികളുമായി മാറുന്നു.

പരിശുദ്ധാത്മാവിനെ നമുക്കുതന്ന് നന്മയിൽ ഉറച്ചുനില്ക്കാൻ നമുക്കു ശക്തിനല്കുന്ന ഒരു കൂദാശയാണ് സ്ഥൈര്യലേപനം.



**മെത്രാനാണ് സ്ഥൈര്യലേപനത്തിന്റെ സാധാരണ കാർമ്മികൻ**

സൈ്ഥര്യലേപനം സ്വീകരിക്കുമ്പോൾ മെത്രാൻ നമ്മുടെ ശിരസ്സിൽ കൈവച്ച് പ്രാർത്ഥിക്കുകയും നെറ്റിയിൽ വിശുദ്ധതൈലം പൂശുകയും ചെയ്യുന്നു.

വിശ്വാസസ്ഥിരതയ്ക്കുവേണ്ടിയുള്ള തൈലംപൂശൽ എന്ന് ഈ കർമ്മത്തെ വിശേഷിപ്പിക്കാം.

ജീവിതത്തിൽ ഒരു പ്രാവശ്യം മാത്രമേ നമുക്ക് സൈ്ഥര്യലേപനം സ്വീകരിക്കാൻ കഴിയൂ. ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തിയുടെ നെറ്റിയിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വിശുദ്ധതൈലംകൊണ്ട് മായാത്തമുദ്ര ചാർത്തുന്നതാണ് ഈ കൂദാശയുടെ പ്രധാനശുശ്രൂഷ.

പിതാവിന്റെ ദാനമായ പരിശുദ്ധാത്മാവിന്റെ മുദ്രയാണ് ഈ ശുശ്രൂഷയിലൂടെ നമുക്കു ലഭിക്കുന്നത്.

## നമുക്കുപാടാം

പാവനസ്നേഹപ്രകാശമാകും

പാവനാത്മാവേ ഞാൻ കൈതൊഴുന്നേൻ
വിശ്വാസദീപത്തിൻ നാളമാകും
പാവനാത്മാവേ ഞാൻ കൈതൊഴുന്നേൻ

അറിവിന്റെ ചേലുറ്റ നിറകുടമാം
പാവനാത്മാവേ ഞാൻ കൈതൊഴുന്നേൻ
അലിവോടെ ഞങ്ങളെ കാത്തരുളും
പാവനാത്മാവേ ഞാൻ കൈതൊഴുന്നേൻ

## നമുക്കു ദൈവവചനം ഓർമ്മിക്കാം

സമരിയക്കാർ ദൈവവചനം സ്വീകരിച്ചുവെന്നു കേട്ടപ്പോൾ ജറൂസലേമിലുള്ള അപ്പോസ്തലന്മാർ പത്രോസിനെയും യോഹന്നാനെയും അവരുടെ അടുത്തേക്ക് അയച്ചു. അവർ ചെന്ന് അവിടെയുള്ളവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കേണ്ടതിന് അവർക്കുവേണ്ടി പ്രാർത്ഥിച്ചു (അപ്പോ. 8:14-15).





## നമുക്കു പ്രാർത്ഥിക്കാം

മറ്റുള്ളവർക്കായി നന്മചെയ്യാൻ പരിശുദ്ധാത്മാവിനെ അയച്ച് ഞങ്ങളെ ശക്തിപ്പെടുത്തണമേ.

## നമുക്കു പ്രതിജ്ഞ ചെയ്യാം



എനിക്കു ലഭിച്ച പരിശുദ്ധാത്മാവിന്റെ അനുഗ്രഹങ്ങൾ നഷ്ടപ്പെടുത്താതെ ജീവിച്ചുകൊള്ളാമെന്ന് ഞാൻ ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

## സത്പ്രവൃത്തികൾ ശീലിക്കുക

പരിശുദ്ധാത്മാവിന്റെ ദാനങ്ങൾക്കായി എപ്പോഴും പ്രാർത്ഥിക്കുക.

## ചേരുംപടി ചേർക്കുക

| | | |
|---|---|---|
| മെത്രാൻ | | പരിശുദ്ധാത്മാവ് |
| പെന്തക്കോസ്താ ദിനം | | ജ്ഞാനസ്നാനം |
| വൈദികൻ | | സ്ഥൈര്യലേപനം |

## ശരിയോ തെറ്റോ എന്ന് രേഖപ്പെടുത്തുക

1. വൈദികനാണ് സ്ഥൈര്യലേപനത്തിന്റെ സാധാരണ കാർമ്മികൻ ☐
2. നാം ആദ്യമായി സ്വീകരിക്കുന്ന കൂദാശയാണ് ജ്ഞാനസ്നാനം ☐
3. ഒരിക്കൽ മാത്രം സ്വീകരിക്കാവുന്ന കൂദാശയാണ് രോഗീലേപനം ☐
4. സ്ഥൈര്യലേപനത്തിലൂടെ നമ്മൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു. ☐



## ഉത്തരം കണ്ടെത്താം

1. തളർച്ചകളിലും തകർച്ചകളിലും നമുക്ക് ശക്തിപകരുന്നതാര്?
2. ഏതു ദിനത്തിലാണ് പരിശുദ്ധാത്മാവ് അപ്പോസ്തലന്മാരിൽ വന്നു നിറഞ്ഞത്?
3. സ്ഥൈര്യലേപനം എന്നാലെന്ത്?
4. സ്ഥൈര്യലേപനത്തിലെ കാർമ്മികൻ ആര്?
5. സ്ഥൈര്യലേപനം എന്ന കൂദാശ എത്ര തവണ സ്വീകരിക്കാം?

# 11 അനുരഞ്ജനകൂദാശ

അനുരഞ്ജനം എന്ന വാക്കിന് രമ്യപ്പെടുക എന്നാണ് അർത്ഥം. പാപം മൂലം നാം ദൈവത്തിൽനിന്ന് അകന്നുപോകുന്നു. ചെയ്തുപോയ പാപങ്ങൾ ഏറ്റുപറഞ്ഞ് വീണ്ടും ദൈവവുമായി യോജിപ്പിലെത്താൻ അനുരഞ്ജനകൂദാശ നമ്മെ സഹായിക്കുന്നു.

ദൈവം നമ്മുടെ പിതാവാണ്. പക്ഷേ, പലപ്പോഴും നാം പിതാവിന്റെ ഇഷ്ടത്തിനെതിരായി തെറ്റുകൾ ചെയ്യാറുണ്ട്. എങ്കിലും തന്നിൽ നിന്ന് അകന്നുപോയ മക്കൾ തിരിച്ചുവരാൻവേണ്ടി ആ പിതാവ് ഒരോനിമിഷവും കാത്തിരിക്കുന്നു. ഇത് വ്യക്തമാക്കാൻ ഈശോ ഒരിക്കൽ ഒരു ഉപമ പറഞ്ഞു.



## ധൂർത്തപുത്രന്റെ ഉപമ

ഒരു പിതാവിന് രണ്ടു മക്കളുണ്ടായിരുന്നു. ഇളയവൻ പിതാവിനോടു പറഞ്ഞു: "പിതാവേ, എനിക്ക് എന്റെ അവകാശം തരിക." പിതാവ് സ്വത്തു ഭാഗിച്ച് പകുതി അവനു കൊടുത്തു.

കിട്ടിയതെല്ലാം എടുത്ത് അവൻ സന്തോഷത്തോടെ നാടുവിട്ടു. ചീത്ത കൂട്ടുകാരുമായി ചേർന്ന്, ചീത്തപ്രവൃത്തികൾ ചെയ്ത് അവൻ പണം ധൂർത്തടിച്ചു.

അതിനിടയിൽ ആ ദേശത്ത് കടുത്ത ക്ഷാമമുണ്ടായി. തിന്നാനും കുടിക്കാനും ഉടുക്കാനും ഒന്നുമില്ലാതെ അവൻ നട്ടംതിരിഞ്ഞു.

ഒരു ജോലിക്കുവേണ്ടി അവൻ ഒരു കൃഷിക്കാരനെ സമീപിച്ചു. അവൻ പറഞ്ഞു: “ഇവിടെ നിനക്കുതരാൻ പന്നികളെ മേയിക്കുന്ന ജോലി മാത്രമേയുള്ളൂ.” അവൻ പന്നിനോട്ടം ഏറ്റെടുത്തു. വിശന്നുപൊരിയുകയായിരുന്നു അവൻ. പന്നിക്കു കൊടുക്കുന്ന ഇത്തിരി തവിടെങ്കിലും കിട്ടിയിരുന്നെങ്കിൽ എന്നവൻ ആശിച്ചു. പക്ഷേ, അതുപോലും അവനു കിട്ടിയില്ല. അപ്പോൾ അവന് സുബോധമുണ്ടായി. അവൻ തന്റെ പിതാവിനെക്കുറിച്ചോർത്തു. സ്വന്തം വീടിനെക്കുറിച്ചോർത്തു. അവിടെ പണിയെടുക്കുന്ന വേലക്കാരെക്കുറിച്ചോർത്തു. അവരെല്ലാം തിന്നും കുടിച്ചും രസിച്ചും എത്ര സന്തോഷത്തോടെയാണ് അവിടെ കഴിഞ്ഞുകൂടുന്നത്! താൻ മാത്രം വിശന്നുപൊരിഞ്ഞ് ചാവാതെ ചാവുന്നു! അവൻ പറഞ്ഞു: “ഞാനെന്റെ പിതാവിന്റെ പക്കലേക്കു പോകും. വന്നു പോയ തെറ്റുകൾ ഏറ്റു പറയും. ഒരു ദാസനായിട്ടെങ്കിലും ഈ അപരാധിയെ സ്വീകരിക്കണമെന്ന് കേണപേക്ഷിക്കും” — അവൻ തീരുമാനിച്ചു.



പിന്നെ ഒട്ടും വൈകിയില്ല. അവൻ തന്റെ പിതാവിനെത്തേടി യാത്രയായി. വീട്ടിലേക്കു മടങ്ങിവരുന്ന മകനെ പിതാവ് ദൂരെവച്ചുതന്നെ കണ്ടു. അദ്ദേഹം ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു.

അവൻ പറഞ്ഞു: “പിതാവേ, ദൈവത്തിനും അങ്ങേക്കും എതിരായി ഞാൻ പാപംചെയ്തുപോയി. അങ്ങയുടെ മകനായിരിക്കാൻ എനിക്കു യോഗ്യതയില്ല.”

ആ പിതാവിന്റെ കണ്ണുകൾ നനഞ്ഞു. മകനെ അദ്ദേഹം വാത്സല്യ പൂർവം തഴുകി. അവന്റെ തിരിച്ചു വരവിൽ അദ്ദേഹം അതിയായി സന്തോഷിച്ചു. കീറിയ വസ്ത്രങ്ങൾ മാറ്റി അദ്ദേഹം അവനെ മേൽത്തരം ഉടുപ്പണിയിച്ചു. കൈയിൽ മോതിരവും കാലിൽ ചെരിപ്പും അണിയിച്ചു.

സന്തോഷം പങ്കുവയ്ക്കാനായി കൊഴുത്തകാളക്കുട്ടിയെ കൊന്ന് അദ്ദേഹം വിരുന്നുനടത്തി. ആ പിതാവ് പറഞ്ഞു: “എന്റെ മകൻ മൃതനായിരുന്നു. ഇപ്പോഴിതാ വീണ്ടും ജീവിക്കുന്നു. അവൻ എനിക്കു നഷ്ടപ്പെട്ടിരുന്നു. ഇപ്പോൾ വീണ്ടു കിട്ടിയിരിക്കുന്നു.”

**മനസ്താപത്തോടെ തിരിച്ചെത്തുന്നവരെ സ്വീകരിക്കാൻ പിതാവായ ദൈവം എല്ലായ്പ്പോഴും കാത്തിരിക്കുന്നു.**

**നാം ചെയ്ത തെറ്റിനെക്കുറിച്ചുള്ള ദു:ഖവും പാപം ആവർത്തിക്കില്ലെന്ന നിശ്ചയവുമാണ് മനസ്താപം.**

**മനസ്താപം രണ്ടു തരമുണ്ട്:**

## പൂർണമനസ്താപവും , അപൂർണമനസ്താപവും

## പൂർണമനസ്താപം

പാപം മൂലം സ്നേഹസ്വരൂപനായ ദൈവത്തെ വേദനിപ്പിച്ചതിൽ നമുക്കുണ്ടാകുന്ന ആത്മാർത്ഥമായ ദു:ഖത്തെ പൂർണമനസ്താപം എന്നു പറയുന്നു. ദൈവത്തോടുള്ള നമ്മുടെ സ്നേഹമാണ് പൂർണമനസ്താപത്തിന്റെ അടിസ്ഥാനം.

# അപൂർണമനസ്താപം

ദൈവം പാപത്തിനു നൽകാവുന്ന ശിക്ഷ ഭയന്ന് നമ്മിൽ ഉണ്ടാകുന്ന മനസ്താപമാണ് അപൂർണമനസ്താപം.

നമ്മുടെ ജീവിതത്തിൽ തെറ്റുകുറ്റങ്ങൾ സംഭവിക്കാറുണ്ട്. അപ്പോഴെല്ലാം നാം ഈശോയിലേക്കു തിരിയണം. ഈശോയെ സ്വീകരിക്കാൻ നാം നന്നായി ഒരുങ്ങണം. ധൂർത്തപുത്രനെപ്പോലെ നമ്മളും പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കണം.

കർമ്മപാപത്തിൽ നിന്ന് നമ്മെ മോചിപ്പിച്ച് പ്രസാദവരത്തിൽ ജീവിക്കാൻ ശക്തരാക്കുന്ന കൂദാശയാണ് കുമ്പസാരം. ഈ കൂദാശ വഴി പാപം മോചിപ്പിക്കപ്പെടുക മാത്രമല്ല, വീണ്ടും പാപം ചെയ്യാതിരിക്കാൻ വേണ്ട അനുഗ്രഹം നമുക്കു കിട്ടുകയും ചെയ്യുന്നു.

പാപം മോചിപ്പിക്കുവാൻ യേശുവിനുണ്ടായിരുന്ന അധികാരമാണ് സഭയിൽ ഇന്ന് അവിടത്തെ പ്രതിനിധികളായ പുരോഹിതരിലൂടെ തുടർന്നുവരുന്നത്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സഭയുടെ പ്രതിനിധികളായിരുന്നുകൊണ്ടു കൂടിയാണ് പുരോഹിതന്മാർ പാപമോചനം നല്കുന്നത്.

## കുമ്പസാരിക്കേണ്ടതെങ്ങനെ?

പാപം ചെയ്ത് നാം ദൈവത്തിൽ നിന്നും സഹോദരരിൽ നിന്നും അകന്നുപോകാറുണ്ട്. അനുരഞ്ജനകൂദാശയായ കുമ്പസാരത്തിലൂടെ പാപങ്ങൾ ഏറ്റുപറയാനും മാനസാന്തരപ്പെടാനും നമുക്ക് അവസരം ലഭിക്കുന്നു.

ചെയ്തുപോയ പാപങ്ങൾ കുമ്പസാരസമയത്ത് വൈദികനോട് ഏറ്റുപറയണം. കുമ്പസാരരഹസ്യങ്ങൾ വൈദികൻ മറ്റാരോടും വെളിപ്പെടുത്തുകയില്ല.



പാപങ്ങൾ ഏറ്റുപറയുന്നതിനുമുമ്പ് കുമ്പസാരത്തിനുള്ള ജപവും കുമ്പസാരത്തിനുശേഷം മനസ്താപപ്രകരണവും ചൊല്ലുന്നത് മനസ്താപം പൂർണമാക്കാൻ ഉപകരിക്കും.

### കുമ്പസാരം വളരെ പവിത്രമായ ഒരു കൂദാശയാകുന്നു

കുമ്പസാരം ഫലപ്രദമാകണമെങ്കിൽ നാം നന്നായി ഒരുങ്ങേണ്ടതുണ്ട്. ചെയ്തുപോയ പാപങ്ങളെല്ലാം ഓർമ്മിച്ചെടുക്കണം. അതിനായി നാം ആത്മശോധന നടത്തണം. വാക്കാലും പ്രവൃത്തിയാലും ചെയ്തുപോയ എല്ലാ പാപങ്ങളും ഓർമ്മയിൽ കൊണ്ടുവരണം.

പാപങ്ങളെക്കുറിച്ച് മനസ്തപിക്കുകയും മേലിൽ പാപം ചെയ്യുകയില്ലെന്ന് പ്രതിജ്ഞചെയ്യുകയും വേണം. പാപങ്ങളെല്ലാം വൈദികനോട് ഏറ്റുപറയണം.കുമ്പസാരസമയത്ത് വൈദികൻ നൽകുന്ന ഉപദേശം ശ്രദ്ധയോടെ കേൾക്കണം. വീണ്ടും പാപങ്ങൾ ചെയ്യാതിരിക്കാൻ ആ ഉപദേശങ്ങൾ നമ്മെ സഹായിക്കും.

നുണ പറയൽ, കളവ്, ചതി, പക, പൊതുമുതൽ നശിപ്പിക്കൽ, അനുസരണമില്ലായ്മ, വൃത്തിയില്ലായ്മ, പരിഹാസം, പ്രകൃതിവസ്തുക്കൾ നശിപ്പിക്കൽ എന്നിവയെല്ലാം കുട്ടികളെ വഴിതെറ്റിക്കുന്ന പാപങ്ങളാണ്.

## പ്രായശ്ചിത്തം അനുഷ്ഠിക്കുന്നതെങ്ങനെ?

പാപം മൂലം നമുക്കും മറ്റുള്ളവർക്കും വരുത്തിയ തിന്മയ്ക്കു പരിഹാരമായാണ് വൈദികൻ പ്രായശ്ചിത്തം കല്പിക്കുന്നത്. അതു നിറവേറ്റാൻ നമുക്കു കടമയുണ്ട്.

വൈദികൻ നൽകുന്ന പ്രായശ്ചിത്തത്തിനു പുറമേ തെറ്റുകൾക്ക് ഉചിതമായി പരിഹാരം ചെയ്യുവാനും നാം പരിശ്രമിക്കണം.

### നമുക്കു ദൈവവചനം ഓർമ്മിക്കാം

"നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരനു നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെ വച്ച് ഓർത്താൽ നീ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദരനോടു രമ്യപ്പെടുക" (മത്താ. 5:23-24).





### നമുക്കു പ്രാർത്ഥിക്കാം

എന്റെ പിതാവായ ദൈവമേ, ദുർഗുണങ്ങളിൽ അകപ്പെടാതെ അങ്ങ് എന്നെയും മറ്റുള്ളവരെയും കാത്തുകൊള്ളണമേ.

## സത്പ്രവൃത്തികൾ ശീലിക്കുക

കുമ്പസാരസമയത്ത് ഒന്നുപോലും മറച്ചുവയ്ക്കാതെ എല്ലാ തെറ്റുകുറ്റങ്ങളും വൈദികനോട് ഏറ്റുപറയാൻ ഞാൻ പ്രത്യേകം ശ്രദ്ധിക്കും.

## ചിത്രകേളി

### ദുർഗുണങ്ങളെ മറയ്ക്കാം

താഴെ സൽഗുണങ്ങളും ദുർഗുണങ്ങളും എഴുതിയിട്ടുണ്ട്. ദുർഗുണങ്ങൾ കറുത്ത ചായം കൊണ്ട് മറച്ചു കളയുക.

| | |
|---|---|
| സ്നേഹം | അശുദ്ധി |
| സ്വാർത്ഥത | പങ്കുവയ്ക്കൽ |
| കോപം | ക്ഷമ |
| അനുസരണം | അസൂയ |

## നമുക്കുപാടാം



പാപക്കുഴികളിൽ വീണുപോയാൽ
പശ്ചാത്തപിക്കണം കൂട്ടുകാരേ

വൈദികൻ തന്നുടെ മുന്നിലെത്തി
കുമ്പസാരിക്കണം വൈകിടാതെ

തെറ്റുകളൊക്കെയുമേറ്റുചൊല്ലി
പാപപ്പൊറുതി നാം നേടിടേണം

## നമുക്ക് പ്രതിജ്ഞ ചെയ്യാം

എന്റെ പ്രവൃത്തികളിൽ തെറ്റുകുറ്റങ്ങൾ വന്നുപോയാൽ ഞാൻ പശ്ചാത്തപിക്കുകയും കുമ്പസാരത്തിൽ ഏറ്റു പറയുകയും ചെയ്യും. അവ മാറ്റുവാൻ ശ്രമിക്കുമെന്നു ഞാൻ ഇതിനാൽ പ്രതിജ്ഞചെയ്യുന്നു.





## ഉത്തരം കണ്ടെത്താം

1. പാപം ചെയ്യുമ്പോൾ നാം ആരിൽ നിന്നാണ് അകലുന്നത്?
2. അനുരഞ്ജനകൂദാശ നമ്മെ എന്തിനു സഹായിക്കുന്നു?
3. പിതാവ് ഓരോ നിമിഷവും എന്തിനായാണ് കാത്തിരുന്നത്?
4. തിരിച്ചെത്തിയ മകനെ പിതാവ് എങ്ങനെ സ്വീകരിച്ചു?
5. മനസ്താപം എന്നാലെന്ത്?
6. കുമ്പസാരം എന്ന കൂദാശയുടെ പ്രത്യേകതയെന്ത്?
7. പാപങ്ങൾ ഏറ്റുചൊല്ലുന്നതിനു മുമ്പായി നാം എന്തുചെയ്യണം?
8. കുട്ടികളെ വഴിതെറ്റിക്കുന്ന പാപങ്ങൾ എന്തൊക്കെയാണ്?

## നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ അഞ്ച്

1. പാപങ്ങളെല്ലാം ക്രമമായി ഓർക്കുന്നത്.
2. പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുന്നത്.
3. മേലിൽ പാപം ചെയ്യുകയില്ലെന്നു പ്രതിജ്ഞചെയ്യുന്നത്.
4. ചെയ്തുപോയ മാരകപാപങ്ങളെങ്കിലും വൈദികനെ അറിയിക്കുന്നത്.
5. വൈദികൻ കല്പിക്കുന്ന പ്രായശ്ചിത്തം നിറവേറ്റുന്നത്.

# 12 വിശുദ്ധ കുർബാന ജീവന്റെ അപ്പം

ഒരു കുടുംബത്തിലെ എല്ലാവരും ഒരുമിച്ചിരുന്ന് ആഹാരം കഴിക്കുന്നതു കാണുമ്പോൾ ആർക്കാണ് സന്തോഷം തോന്നാതിരിക്കുക! അങ്ങനെ ചെയ്യുമ്പോഴാണ് നമ്മുടെ കുടുംബം സ്വർഗതുല്യമായി മാറുന്നത്.

തിരുസഭയും ഒരു വലിയ കുടുംബമാണ്. ഈശോയാണ് ഈ കുടുംബത്തിന്റെ നാഥൻ. മക്കളായ നമുക്കെല്ലാവർക്കുംവേണ്ടി യേശുനാഥൻ ഒരുക്കുന്ന സ്നേഹവിരുന്നാണ് വിശുദ്ധകുർബാന.



**ഈ വിരുന്നിലൂടെ സഭയാകുന്ന വലിയ കുടുംബത്തിലെ അംഗങ്ങളുടെ ബന്ധങ്ങളും സൗഹാർദ്ദവും വളർന്നു പന്തലിക്കുന്നു.**

## പങ്കുവയ്ക്കലിന്റെ മഹത്ത്വം

### കനായിലെ കല്യാണം

യോഹ. 2:1-12

### സക്കേവൂസിന്റെ ഒപ്പം ഭക്ഷണം

ലൂക്ക 19:1-10

### മർത്തായുടെ ഗൃഹത്തിലെ ആതിഥ്യം

ലൂക്ക 10:38-42

### ശിമയോന്റെ സൽകാരം

ലൂക്ക - 7:36-50

പങ്കുവയ്ക്കലിന്റെ ഈ മഹത്തായ സന്ദേശം ഈശോ നമുക്കു നല്കുന്നു.

## ഒടുവിലത്തെ അത്താഴം

ഈശോ ക്രൂശിക്കപ്പെടുന്നതിന്റെ തലേദിവസം ഈശോയും പന്ത്രണ്ടു ശിഷ്യന്മാരും ഒടുവിലത്തെ അത്താഴത്തിനായി ഒരുമിച്ചുകൂടി. സ്നേഹത്തിന്റെ ഒരു വലിയ മാതൃക അവിടന്ന് അവർക്ക് കാണിച്ചുകൊടുത്തു. ഒരു പാത്രത്തിൽ വെള്ളമെടുത്ത് പന്ത്രണ്ടുപേരുടെയും പാദങ്ങൾ അവിടന്നു കഴുകി. തൂവാലകൊണ്ട് തുടച്ചു. താൻ കാണിച്ച മാതൃക മനസ്സിലാക്കി പരസ്പരം ശുശ്രൂഷ ചെയ്യണമെന്ന് അവിടന്ന് ശിഷ്യന്മാരെ ഉപദേശിച്ചു.



ഈശോ പറഞ്ഞു: "ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾ പരസ്പരംസ്നേ ഹിക്കുമെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് എല്ലാ മനുഷ്യരും അറിയും"(യോഹ. 13 : 34-35).

പിന്നീട് ഈശോ അപ്പം കൈകളിലെടുത്ത് വാഴ്ത്തി, വിഭജിച്ച് ശിഷ്യ ന്മാർക്കു കൊടുത്തുകൊണ്ട് പറഞ്ഞു: "വാങ്ങി ഭക്ഷിക്കുവിൻ. ഇത് എന്റെ ശരീരമാകുന്നു. അതിനു ശേഷം പാനപാത്രമെടുത്ത് വാഴ്ത്തി, ശിഷ്യ ന്മാർക്കു കൊടുത്തു കൊണ്ട് പറഞ്ഞു; "നിങ്ങളെല്ലാവരും ഇതിൽ നിന്ന് കുടിക്കുവിൻ. എന്തുകൊണ്ടെന്നാൽ ഇത് എന്റെ രക്തമാകുന്നു" (മത്താ. 26:20-29).

ഒടുവിലത്തെ അത്താഴം കഴിഞ്ഞതിനുശേഷം അവിടന്ന് മറ്റൊരു കല്പന കൂടി നല്കി. "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ." ഈ ഓർമ്മയുടെ പുനരവതരണമാണ് വിശുദ്ധകുർബാനയിൽ നടക്കുന്നത്. അപ്പവും വീഞ്ഞും ഈശോയുടെ ശരീരരക്തങ്ങളായി പകർത്താനുള്ള അധികാരം അങ്ങനെ ശ്ലീഹന്മാർക്കു ലഭിച്ചു. വിശുദ്ധകുർബാന അർപ്പിക്കുമ്പോഴെല്ലാം യേശുവിന്റെ ഒടുവിലത്തെ അത്താഴത്തിൽ നമ്മളും പങ്കുചേരുകയാണ്.

## പെസഹാത്തിരുനാൾ

ഈശോയുടെ ഒടുവിലത്തെ അത്താഴം നടന്നത് പെസഹാത്തിരുനാൾ ദിനത്തിലാണ്. എന്താണ് പെസഹാത്തിരുനാൾ?

ഈജിപ്തിന്റെ അടിമത്തത്തിൽ നിന്ന് കർത്താവ് ഇസ്രായേൽജനതയെ കാനാൻദേശത്തേക്ക് കടത്തിക്കൊണ്ടുവന്ന സംഭവത്തിന്റെ ഓർമ്മയാണ് പെസഹാത്തിരുനാൾ. പെസഹാ എന്ന വാക്കിന്റെ അർത്ഥം കടന്നുപോകൽ എന്നാണ്.

കാൽവരിയിലെ ഈ ബലിതന്നെയാണ് അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ യേശു തന്റെ ഒടുവിലത്തെ അത്താഴസമയത്ത് മുൻകൂട്ടി സമർപ്പിച്ചത്. അപ്പം തന്റെ ശരീരവും വീഞ്ഞ് രക്തവുമായി അവിടന്ന് പിതാ വായ ദൈവത്തിനു സമർപ്പിച്ചു. പിന്നീട് അവ ശിഷ്യന്മാർക്കു നല്കി.

അങ്ങനെ ഒടുവിലത്തെ അത്താഴവും കുരിശിലെ മരണവും ഒന്നായിച്ചേർന്ന് അനശ്വരമായ ബലിയായിത്തീർന്നു.

**അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ നമ്മുടെ കർത്താവ് ഈശോമിശിഹാ തന്റെ തിരുശരീരവും തിരുരക്തവും നമുക്കുനല്കുന്ന കൂദാശയാണ് വിശുദ്ധകുർബാന അല്ലെങ്കിൽ ദിവ്യകാരുണ്യം**

വിശുദ്ധ കുർബാനയിൽ ഈശോ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ നമ്മിലേക്ക് എഴുന്നള്ളി വരുന്നു. അതീവഭക്തിയോടും വിശ്വാസത്തോടുംകൂടെവേണം ഈശോയെ സ്വീകരിക്കാൻ.



## ആദ്യകുർബാന സ്വീകരണം

ആദ്യമായി ദിവ്യകാരുണ്യം സ്വീകരിക്കുന്ന ദിവസം നമ്മുടെ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത ഒരു സുവർണദിനമാണ്. നമുക്കും മറ്റുള്ളവർക്കും ഉള്ളുതുറന്ന് സന്തോഷിക്കാനുള്ള അവസരമാണത്. തൂവെള്ള നിറത്തിലുള്ള പുത്തനുടുപ്പുകളണിഞ്ഞ് മാലാഖമാരെപ്പോലെയാണ് ദിവ്യകാരുണ്യസ്വീകരണത്തിനായി അന്നു നാം ദേവാലയത്തിൽ എത്തിച്ചേരുന്നത്. അപ്പോഴെല്ലാം ലാളിത്യവും വിനയവും കൈവിടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. കൈകൂപ്പി, കണ്ണുകളുയർത്തി ഭക്തിയോടും ആദരത്തോടും സന്തോഷത്തോടുംകൂടെയായിരിക്കണം നാം ദിവ്യകാരുണ്യം സ്വീകരിക്കേണ്ടത്.

അനുദിന ദിവ്യകാരുണ്യ സ്വീകരണത്തിലൂടെ ഈശോയുമായുള്ള ഐക്യം നിലനിറുത്താൻ നാം പരിശ്രമിക്കണം.

മോടികൂടിയ ഉടുപ്പുകളെക്കാളും സ്വർണത്തെക്കാളും ഈശോ ഇഷ്ടപ്പെടുന്നത് നമ്മുടെ എളിമയുള്ള പെരുമാറ്റവും തെളിമ നിറഞ്ഞ മനസ്സുമാണ്. കാരുണ്യനാഥൻ മനസ്സിലേക്ക് വരണമെങ്കിൽ പാവപ്പെട്ടവരോട് കരുണകാണിക്കാൻ നാം തയ്യാറാവണം.

ഈശോയെ സ്വീകരിക്കുന്നവർ ഈശോയെപ്പോലെ ജീവിക്കേണ്ടവരാണ്. ദിവ്യകാരുണ്യം സ്വീകരിച്ച് നാം വീട്ടിലേക്കു പോകുന്നത് ഈശോയോടൊപ്പമാണ്. രക്ഷകനായും ഗുരുവായും വഴികാട്ടിയായും സ്നേഹിതനായും അവിടന്ന് നമ്മോടൊപ്പം ഉണ്ടെന്നുള്ള യാഥാർത്ഥ്യം മറന്നുപോകരുത്.

ദിവ്യകാരുണ്യത്തിലൂടെ ഈശോയെ സ്വീകരിച്ച നമ്മൾ വീട്ടിലും വിദ്യാലയത്തിലും സമൂഹത്തിലും ഈശോയുടെ ഉറ്റതോഴന്മാരെപ്പോലെ പെരുമാറണം. വാക്കിലും നോക്കിലും പെരുമാറ്റത്തിലും ഇത് തെളിഞ്ഞുകാണണം. നമ്മിലൂടെ അനേകംപേർ ഈശോയെ അറിയാൻ ഇടവരണം. അവിടന്ന് ലോകത്തിന്റെ പ്രകാശമാണെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്തിക്കൊടുക്കാൻ നമുക്കു കഴിയണം.

## നമുക്കുപാടാം



ജീവന്റെയപ്പമായ്
ദിവ്യകാരുണ്യമായ്
എന്നുള്ളിൽ വന്നാലും യേശുനാഥാ

ശാന്തിപ്രകാശമായ്
സാന്ത്വനദീപമായ്
എന്നിൽ തെളിഞ്ഞാലും ദിവ്യനാഥാ



## നമുക്കു ദൈവവചനം ഓർമ്മിക്കാം

"സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും" (യോഹ. 6:51).

## നമുക്കു പ്രാർത്ഥിക്കാം

ദിവ്യകാരുണ്യനാഥനായ ഈശോയേ, ജീവന്റെ അപ്പമായി അങ്ങ് എന്നെന്നും എന്റെ ഹൃദയത്തിൽ വരണമേ. അങ്ങയുടെ ക്ഷമാശീലവും അങ്ങയുടെ ദാനശീലവും മാതൃകയാക്കി വളരാൻ എന്നെ പഠിപ്പിക്കണമേ.





## നമുക്കു പ്രതിജ്ഞചെയ്യാം

ജീവന്റെ അപ്പമായ ദിവ്യകാരുണ്യത്തിലൂടെ എനിക്കു സിദ്ധിച്ച കൃപാവരങ്ങൾ കൈവിടാതെ ഞാൻ കാത്തുസൂക്ഷിക്കും.

## സത്പ്രവൃത്തികൾ ശീലിക്കുക

ഒരുക്കത്തോടെ അടുപ്പിച്ചടുപ്പിച്ച് വിശുദ്ധകുർബാന സ്വീകരിക്കാൻ ഞാൻ ശീലിക്കും.

## ചിത്രകേളി

### കുത്തുകൾ യോജിപ്പിക്കുക



| ചേരുംപടി ചേർക്കുക | | |
|---|---|---|
| വലിയകുടുംബം | | ദിവ്യകാരുണ്യം |
| വിശുദ്ധകുർബാന | | കടന്നുപോകൽ |
| പെസഹാ | | തിരുസഭ |

### ഉത്തരം കണ്ടെത്തുക

1. തിരുസഭാകുടുംബത്തിന്റെ നാഥൻ ആര്?
2. ഈശോ കാണിച്ച സ്നേഹത്തിന്റെ മാതൃക എന്തായിരുന്നു?
3. എന്തിന്റെ ഓർമ്മയ്ക്കായാണ് പെസഹാത്തിരുനാൾ ആഘോഷിക്കുന്നത്?
4. പെസഹാ എന്ന വാക്കിന്റെ അർത്ഥമെന്ത്?
5. വിശുദ്ധ കുർബാന എന്നാലെന്ത്?
6. ദിവ്യകാരുണ്യസ്വീകരണത്തിലൂടെ നമ്മിൽ എത്തുന്നതാര്?
7. ഈശോയെ സ്വീകരിച്ച നമ്മൾ മറ്റുള്ളവരോട് എങ്ങനെ പെരുമാറണം?
8. ലോകത്തിന്റെ പ്രകാശമെന്ന് നാം വിശേഷിപ്പിക്കുന്നതാരെ?
9. ജീവന്റെ അപ്പമായി നാം സ്വീകരിക്കുന്നതാരെ?

# കുട്ടികളുടെയും യുവാക്കളുടെയും വിശുദ്ധൻ



പാവപ്പെട്ട ഒരു ക ത്തിലാണ് കൊച്ചുജോണി പിറന്നത്. അവന് രണ്ടു വയസ്സുള്ളപ്പോൾ വാത്സല്യനിധിയായ അപ്പച്ചൻ മരിച്ചു. അമ്മ മാർഗരറ്റാണ് പിന്നെ ജോണിയെയും സഹോദരങ്ങളെയും താലോലിച്ചു വളർത്തിയത്.

കുഞ്ഞുംനാൾ തൊട്ടേ നല്ല കുട്ടിയായി വളരാൻ ജോണി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒമ്പതു വയസ്സുള്ളപ്പോൾ അവൻ ഒരു സ്വപ്നം കണ്ടു. അവനു ചുറ്റും കുറേ കുട്ടികൾ വട്ടംകൂടി നിൽക്കുന്നു. അവരെ നന്മതിന്മ പഠിപ്പിക്കാൻ ഏതോ ഒരു ദിവ്യപുരുഷൻ അവനോട് ആവശ്യപ്പെടുന്നു. പ്രകാശം പരത്തുന്ന സുന്ദരിയായ ഒരു വനിത ഇതെല്ലാം ശ്രദ്ധിച്ചുകൊണ്ട് തൊട്ടരികിൽ പുഞ്ചിരിച്ചുനിൽക്കുന്നു. ഇതായിരുന്നു ആ സ്വപ്നം.

സ്വപ്നത്തെക്കുറിച്ച് ജോണി തന്റെ അമ്മയോട് സംസാരിച്ചു. അതെല്ലാം ദൈവത്തിന്റെ അരുളപ്പാടുകളാണെന്നും തന്റെ മകൻ ഭാവിയിൽ ഒരു വൈദികനായിത്തീരുമെന്നും ആ അമ്മ പ്രത്യാശിച്ചു.

കുട്ടിക്കാലത്ത് ജോണിക്ക് ചില ചെപ്പടിവിദ്യകൾ അറിയാമായിരുന്നു. അതുവഴി നിരവധി കൂട്ടുകാരെ തന്നിലേക്ക് ആകർഷിക്കാൻ അവനു കഴിഞ്ഞു. തന്റെ അരികിൽ ഒത്തുകൂടുന്ന ചങ്ങാതിമാർക്ക് പല വിദ്യകൾ കാണിച്ച് അവൻ ദൈവസ്നേഹത്തിന്റെ മഹത്ത്വം മനസ്സിലാക്കിക്കൊടുത്തു. പകൽ മുഴുവൻ ആടുകളെ മേയ്ക്കാനും രാത്രികാലങ്ങളിൽ പുസ്തകങ്ങൾ വായിച്ച് അറിവുനേടാനും അവൻ സമയം കണ്ടെത്തി. അധികം വൈകാതെ അവൻ അവിടത്തെ കുട്ടികളുടെയും യുവാക്കളുടെയും കണ്ണിലുണ്ണിയായി മാറി.

ആരാണീ കൊച്ചു ജോണി എന്നറിയണ്ടേ? പിൽക്കാലത്ത് ലോകമെമ്പാടുമുള്ള യുവജനങ്ങളുടെ വഴികാട്ടിയും മദ്ധ്യസ്ഥനുമായിത്തീർന്ന വിശുദ്ധ ഡോൺ ബോസ്കോ ആയിരുന്നു അത്. യുവാക്കളെ സത്യത്തിന്റെയും സാഹോദര്യത്തിന്റെയും പാതയിലേക്കു നയിക്കാൻ ഡോൺ ബോസ്കോ ജീവിതം ഉഴിഞ്ഞുവച്ചു.

1815 ആഗസ്റ്റ് 16-ന് ഇറ്റലിയിലെ ടൂറിനിലാണ് ഡോൺ ബോസ്കോയുടെ ജനനം. വീട്ടുകാരും നാട്ടുകാരും ജോണി എന്നാണ് അവനെ വിളിച്ചിരുന്നത്. ഒരു വൈദികനാകണമെന്നതായിരുന്നു ചെറുപ്പം മുതൽക്കേ ജോണിയുടെ ആഗ്രഹം. ഏറെ കഷ്ടപ്പാടുകൾ സഹിച്ചാണ് അവൻ പഠിച്ചത്. വായിക്കുന്ന നല്ല കഥകളെല്ലാം അവൻ കൂട്ടുകാർക്ക് പറഞ്ഞുകൊടുക്കുമായിരുന്നു.

1841-ൽ ഡോൺ ബോസ്കോ വൈദികനായി. തെരുവിൽ അലയുന്ന യുവാക്കളെയും കുട്ടികളെയും നന്മയിലേക്കു നയിക്കാൻ എന്തുചെയ്യണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ ചിന്ത. ആ ലക്ഷ്യം നിറവേറ്റുന്നതിനായി മാർഗരറ്റമ്മയുടെ സഹായത്തോടെ അദ്ദേഹം ഒരു ഭവനം ആരംഭിച്ചു. സ്നേഹവും ക്ഷമയുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ആയുധങ്ങൾ.

**1854-ലാണ് ഡോൺ ബോസ്കോ സലേഷ്യൻ സഭ സ്ഥാപിച്ചത്. ഇതിലൂടെ ആയിരക്കണക്കിന് യുവാക്കളെ ദൈവത്തിലേക്ക് അടുപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.**

നീണ്ട എഴുപത്തിരണ്ടുവർഷത്തെ സേവനംകൊണ്ട് അദ്ദേഹം യുവഹൃദയങ്ങളെ ചൈതന്യപൂരിതമാക്കി. 1888 ജനുവരി 31-ന് യേശുവിന്റെ ആ മഹാസാരഥി ഈ ലോകത്തോട് യാത്ര പറഞ്ഞു.

ഡോൺ ബോസ്കോയെപ്പോലെ നമുക്കും നന്മ ചെയ്യാം. ആ നന്മയിലൂടെ നമുക്കും വിശുദ്ധരാകാം.

## ഉത്തരം കണ്ടെത്താം:

1. കൊച്ചു ജോണി കണ്ട സ്വപ്നം എന്തായിരുന്നു?
2. ചെപ്പടിവിദ്യ കാണാൻ വന്ന കൂട്ടുകാർക്ക് അവൻ എന്താണ് മനസ്സിലാക്കിക്കൊടുത്തത്?
3. ആരാണ് ഈ കൊച്ചു ജോണി?
4. എവിടെയാണ് കൊച്ചുജോണിയുടെ ജനനം?
5. ഡോൺ ബോസ്കോ സ്ഥാപിച്ച സഭ ഏത്?
6. ആരുടെ മദ്ധ്യസ്ഥനായാണ് ഡോൺ ബോസ്കോ അറിയപ്പെടുന്നത്?

### ഓർമ്മിക്കാം

"നിന്നാൽ കഴിവുള്ളതു മുഴുവനും ചെയ്യുക.
ശേഷം ദൈവവും ദൈവമാതാവും കൂടി ചെയ്തു കൊള്ളും"
**(ഡോൺ ബോസ്കോ)**